# വിശുദ്ധ കാവൽ മാലാഖാ.

ഒക്ടോബർ 2 -ാംനു-




എന്നെ കാക്കുന്ന ദൈവത്തിന്റെ മാലാഖാ! ദൈവകൃപയാൽ അങ്ങേ സംരക്ഷണയ്ക്കു് ഏല്പിക്കപ്പെട്ടിരിക്കുന്ന എന്നെ, എല്ലായ്പോഴും പ്രത്യേകം മരണനേരത്തും പ്രകാശിപ്പിച്ചു, കാത്തുപരിപാലിച്ചു, ഭരിച്ചു നടത്തിക്കൊള്ളണമേ.

(100 ദി. ദ. വി.)

# കർമ്മലകുസുമം

പുസ്തകം ൨൰.)    ഒക്ടോബർ.    (ലക്കം ൰


## ജപമാലകീർത്തനം.

(എൽ. ജോസഫ്. ശ. മാവുങ്കൽ.)

("മഹാറാട്ടു" or. "ചെറുസൂനം" എന്നമട്ട്.)

ജപമാല മഹനീയമാല ജപമാല:
കുസുമമാല, പവിഴമാല, കനകമാല, സുമണിമാല, (ജപ.)

1. ഒരുനൂററൻപത്തും മൂന്നും മണിജപമാല
നിഖിലേശാംബികമേറിയണിയുന്നമാല
മിശിഹാ സ്നേഹാത്മാവാം തൻപ്രിയസ്തോകംമാല. (കുസുമ.)

2. കർത്തൃപ്രാർത്ഥനയാം വജ്രമണികോർത്തമാല
മാതൃസ്തോത്രം ദിവ്യം പച്ചമരതകമാല
ത്രിത്വസ്തുതി വൈഡൂര്യത്താൽ അലംകൃതം മാല (കുസുമ.)

3. മനസ്താപമിളദളംഖലനേകം മാല
വരപ്രസാദമാം മധുപൊഴിയും പൂമാല
ദിവ്യസ്നേഹപരിമളം വഴിയുമീമാല. (കുസുമ.)

4. മിശിഹായെക്കുരിശതിൽ വഹിക്കുന്നമാല
വിശുദ്ധർതൻ കാശുരൂപമണിയുന്നമാല
അശുദ്ധരെ വിശുദ്ധരായ് തിരിക്കുമീമാല (കുസുമ.)

# പ്രസാധകക്കുറിപ്പുകൾ.

### ജയത്തിൻെറ മാതാവു്.

1571 ഒക്ടോബർ 7-ാംനു- ദൈവജനനിയുടെ സഹായത്താൽ തുലുക്കരുടെമേൽ ക്രിസ്ത്യാനികൾക്കു സിദ്ധിച്ച ഒരു വലിയ വിജയത്തിൻെറ സ്മാരകമായി അഞ്ചാംപീയൂസു് മാർപ്പാപ്പാ ജയത്തിൻെറ മാതാവിൻെറ ഒരു തിരുനാൾ ഏർപ്പെടുത്തി. 13-ാം ഗ്രിഗോറിയോസു് മാർപ്പാപ്പാ ഈ തിരുനാൾ തന്നെ ജപമാലരാജ്ഞിയുടെ നാമത്തിൽ ഒക്ടോബർ ഒന്നാം ഞായറാഴ്ച ആഘോഷിപ്പാൻ ആജ്ഞാപിച്ചു. 1715 ൽ ബെൽഗ്രെയ്ഡിൽവച്ചു തുലുക്കരുടെമേ

ലുണ്ടായ കീർത്തിപ്പെട്ട ജയത്തിന്റെ സ്മരണക്കായി പതിനൊന്നാം ക്ലെമെന്റു മാർപ്പാപ്പാ ഈ തിരുനാൾ ലോകമൊട്ടുക്ക ആഘോഷപൂർവ്വം കൊണ്ടാടണമെന്നു കല്പനയായി. ആകയാൽ ജപമാല തിരുനാൾ ജയത്തിന്റെ രാജ്ഞിയുടെ തിരുനാൾതന്നെയാകുന്നു. തിരുസഭയുടെ വിജയത്തിനായി ഈ അമ്മയുടെ ആശ്രയം തന്നെ നാം തേടണം. ഒക്ടോബർമാസത്തിൽ വിജയത്തിന്റെ ആയുധമായ ജപമാല ധരിച്ചുകൊണ്ടു വിശ്വാസികളേവരും ഈ അമ്മയുടെ കൊടിക്കീഴിൽനിന്നു യുദ്ധം ചെയ്യുന്നതിനു തിരുസഭ നമ്മെ ക്ഷണിക്കുന്നു. നാം ഈ വിളിയെ വകവയ്ക്കാതിരിക്കുന്നുവെങ്കിൽ അതു നമ്മുടെ നിത്യപരാജയത്തിനു കാരണമായേക്കുമെന്നു ഓർമ്മയുണ്ടായിരിക്കണം.

## പിരിയാത്ത സ്നേഹിതൻ.

കാവൽമാലാഖായേക്കുറിച്ച് ധ്യാനിക്കയിൽ ആശ്ചര്യപരതന്ത്രനായി വി. ബെർണ്ണാർദ്ദു നിലവിളിക്കുന്നതായതു:—"ഓ! ദൈവത്തിന്റെ എത്രയോ വലിയ മനോഗുണം! ഓ! എത്ര ആശ്ചര്യകരമായസ്നേഹം! ആരാണു കല്പിക്കുന്നതു്? ദൈവം. ആരോടു കല്പിച്ചിരിക്കുന്നു? മാലാഖാമാരോടു—തന്റെ ദിവ്യ ഭവനവാസികളായ ആ ഉന്നത സൃഷ്ടികളോടു— എന്താണു് അവരോടു കല്പിച്ചിരിക്കുന്നതു്? നിർഭാഗ്യമർത്ത്യരായ നമ്മെ കാത്തുകൊള്ളുന്നതിനു്. ഹാ! കർത്താവേ! നീ മനുഷ്യനെ ഓർമ്മിക്കുന്നതിനു അവൻ ആരാകുന്നു?... ....ഇത്രശക്തിയുള്ള സഹായികളുള്ളപ്പോൾ ഞങ്ങൾക്കു് ആരെയാണു ഭയപ്പെടാനുള്ളതു്?" അതേ ഒരിക്കലും പിരിയാത്ത, ഇത്ര വിശ്വസ്തനും പ്രബലനുമായ ഒരു സ്നേഹിതൻ നമുക്കുള്ളതു എത്ര ധൈര്യത്തിനു കാരണമാകുന്നു. ഈ സ്നേഹിതനെ ഒരിക്കലും സങ്കടപ്പെടുത്താതെ നാം സൂക്ഷിക്കേണ്ടതല്ലയോ? അങ്ങനെ സൂക്ഷിക്കുന്നുണ്ടോ എന്നു ഈ മാസത്തിൽ നല്ലപോലെ ഒന്നു പരിശോധിച്ചുനോക്കണം.

## ക്രിസ്തുരാജൻ ജയിക്ക.

ഈ മാസം 30-ാംനു-യാണു് ക്രിസ്തുവിന്റെ രാജത്വതിരുനാൾ. ക്രിസ്തുരാജൻ ജയിക്കട്ടെ എന്നു ഉൽഘോഷിച്ചുകൊണ്ടു മെക്സിക്കോയിൽ ഈ സ്വർഗ്ഗീയ രാജാവിനുവേണ്ടി ജീവനെ ബലികഴിക്കുന്ന ആ ധീരയോധാക്കൾ വാസ്തവത്തിൽ സമസ്തലോകത്തിന്റെയും മുമ്പാകെ രാജത്വതിരുനാൾ കൊണ്ടാടുകയാണു് ചെയ്യുന്നതു. ആ ധീരതയെ തന്നെ നമ്മിൽ ഉല്പാദിപ്പിച്ചുകൊണ്ടു ക്രിസ്തുരാജനെ നമ്മുടെ ഹൃദയങ്ങളിലും, നമ്മുടെ കുടുംബങ്ങളിലും, നമ്മുടെ രാജ്യങ്ങളിലും രാജാവായി നാം സ്ഥാപിക്കണം. അപ്പോൾ ലോകത്തിന്റെ നിലമാറിത്തുടങ്ങും അപ്പോൾ മെക്സിക്കോയിൽ ചിന്തപ്പെടുന്ന രക്തത്തിന്റെ ഫലമെന്താണെന്നു പ്രത്യക്ഷപ്പെടും. അപ്പോൾ രാജത്വതിരുനാളിന്റെ അന്തരാർത്ഥം ലോകം മനസ്സിലാക്കുകയും ചെയ്യും.

## അനുമോദനം.

റോമയിൽ പ്രൊപ്പഗാന്താ കോളജിൽ ഉന്നതപഠനങ്ങൾ കഴിഞ്ഞശേഷം, യൂറോപ്പിലെ പല തീർത്ഥസ്ഥലങ്ങൾ സന്ദർശിച്ചു കഴിഞ്ഞമാസത്തിൽ സസുഖം മടങ്ങി എത്തിയിരിക്കുന്ന ചങ്ങനാശേരി രൂപതയിൽപ്പെട്ട വടക്കയിൽ ബ. അബ്രാഹമച്ചൻ ബി. ഏ. പി. എച്ച്. ഡി. ഡി. ഡി, കോട്ടയം രൂപതയിൽപ്പെട്ട തറയിൽ ബ. തോമ്മാച്ചൻ പി. എച്ച്. ഡി. ഡി. ഡി; വരാപ്പുഴ അതിരൂപതയിൽപ്പെട്ട റവ. ജോസഫ് അട്ടിപ്പെറ്റി പി. എച്ച് ഡി. ഡി. ഡി. എന്നിവർക്കു കുസുമം ഹൃദയപൂർവ്വം മംഗളം ആശംസിച്ചുകൊള്ളുന്നു. വിശുദ്ധനഗരത്തിൽ പഠിച്ചു പട്ടമേറ്റു്, യൂറോപ്പിലെ വിശുദ്ധസ്ഥലങ്ങൾ സന്ദർശിച്ചു്, വന്നുചേർന്നിരിക്കുന്ന ബിരുദധാരികളായ ഈ മഹനീയസന്താനങ്ങളിൽ മലങ്കരസഭാമാതാവു പൂർവ്വാധികം വിശുദ്ധീകൃതയായി ഭവിപ്പൂതാക!

# ജപമാലരാജ്ഞി.

## "ഈ അടയാളത്തിൽ നീ ജയിക്കും"

(റൈററ് റവ. മോൺസി. ജേക്കബ് കല്ലറക്കലവർകളുടെ ഒരു പരസ്യലേഖനത്തിൽ നിന്ന്.)

കാഫ്യനായിരുന്ന കൊൺസ്റ്റന്റീനോസ് ചക്രവർത്തി യുദ്ധത്തിനായി പോകുന്ന വഴിമദ്ധ്യേ, ആകാശത്തിൽ ഒരു കുരിശു അയാൾക്കു പ്രത്യക്ഷീഭവിച്ചു. "ഈ അടയാളത്തിൽ നീ ജയിക്കും" എന്ന വാക്യം അതിന്റെ ചുററിലും എഴുതപ്പെട്ടുമിരുന്നു. തൽക്ഷണം ചക്രവർത്തിക്കു മാനസാന്തരം ഭവിച്ച് ഈശോമ്ശിഹായിൽ വിശ്വസിച്ച് കുരിശിനെ അദ്ദേഹത്തിന്റെ കൊടിയടയാളമായി സ്വീകരിക്കയും, ആ പതാകയോടുകൂടി യുദ്ധംചെയ്ത് ശത്രുക്കളെ നിശ്ശേഷം പരാജിതരാക്കുകയുംചെയ്തു. അതേവിധംതന്നെ മ്ശിഹായുടെ പടയാളിയായിരിക്കുന്ന ഓരോ സത്യവിശ്വാസിക്കും തന്റെ ആദ്ധ്യാത്മിക യുദ്ധത്തിൽ നിശ്ചയമുള്ള വിജയം നേടുന്നതിനായി ദൈവം നൽകിയിരിക്കുന്ന ബലവത്തായ ആയുധങ്ങളിൽ ഒന്നാകുന്നു, പരിശുദ്ധ കന്യകമറിയത്തിന്റെ ജപമാല. ഈ ദിവ്യോപകരണത്തിൽ പൂർവ്വാധികം വിശ്വാസവും ഭക്തിയും നിങ്ങൾക്കുണ്ടാകുന്നതിനായി ചില സംഗതികളെ ഈ ഘട്ടത്തിൽ അനുസ്മരിപ്പിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു് കരുതുന്നു.



ലോകരക്ഷിതാവു സ്ഥാപിച്ച തിരുസഭ പത്രോസിന്റെ പടവിനു തുല്യമാണല്ലോ. മീൻപിടുത്തക്കാരായ നിങ്ങളെ ഇനിമേൽ മനുഷ്യരെ പിടിക്കുന്നവരാക്കാം, എന്നരുളിച്ചെയ്ത കർത്താവ് ആത്മരക്ഷയെന്ന ജോലിയാണ് പ്രഥമമായി തിരുസഭയ്ക്കേല്പിച്ചിരിക്കുന്നതു്. ഈ ശ്രമതല ഫലപ്രാപ്തിയോടുകൂടി നിർവ്വഹിക്കുന്നതിനു അത്യുത്തമമായ ഒരു മാർഗ്ഗമാകുന്നു ജപമാലഭക്തി. വലിച്ചു കരയ്ക്കടുപ്പിക്കുന്നതിനു സാധിക്കാത്തവണ്ണം പത്രോസിന്റെ വലയെ അത്ര ഭാരപ്പെടുത്തിയതായി സുവിശേഷത്തിൽ പറയുന്ന ആ നൂററിഅമ്പത്തിമൂന്നു മത്സ്യങ്ങൾ (വി. യോ. ൨൧. ൧൧.) ജപമാലയിലെ ൧൫൦ മണികളെയും അതിന്റെ ശരിയായ വിനിയോഗത്താൽ ലഭിക്കാവുന്ന വലുതായ ജ്ഞാനനന്മകളെയും സൂചിപ്പിക്കുന്നതായി കരുതാവുന്നതാണ്. ജപമാലഭക്തി ആരംഭിച്ചതിൽ പിന്നെ തിരുസഭയെ ഭരിച്ചിട്ടുള്ള മാർപ്പാപ്പാമാർ ഈ ഭക്തിയുടെ പ്രചാരത്തിനായി മുന്നൂററൻപതു് തിരുലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. "ക്രിസ്തുമതത്തെ പ്രചരിപ്പിക്കുന്ന ശക്തി" "ആകാശവും ഭൂമിയും തമ്മിൽ രമ്യപ്പെടുത്തുന്ന ആകാശവില്ലു്" "പാപവിമോചിക" "ഇടത്തൂട്ടുകളെ നശിപ്പിക്കുന്ന ആയുധം" എന്നും മററും ആ തിരുവെഴുത്തുകളിൽ ജപമാലയെ വ്യക്തി പറഞ്ഞിരിക്കുന്നതുതന്നെ ആത്മരക്ഷാവേലയിൽ ഇതിനുള്ള സ്ഥാനത്തെ വിളിച്ചറിയിക്കുന്നുണ്ടു്.

*

മാലാഖാമാർ മനുഷ്യരുടെ പക്കലേക്കു ദൈവദാനങ്ങളെ ആവഹിക്കുന്ന മാർഗ്ഗമായിട്ടു ആകാശംവരെ എത്തുന്ന ഒരു ഗോവണി ഗോത്രപിതാവായ യാക്കോബ് ദർശിച്ചുവെങ്കിൽ, അതിന്റെ പടികൾ ജപമാലയുടെ ഓരോ മണികളത്രെ. കൊന്തയിൽ ആശ്രയിച്ചിരിക്കുന്നവരെ പരിശുദ്ധമറിയം നിത്യാനന്ദരാജ്യത്തിലേക്കു വലിച്ചടുപ്പിക്കുന്ന ശൃംഖലതന്നെയാണു അതു് എന്നതിനു സംശയമില്ല. കൊന്തസഭക്കാർക്കു നൽകപ്പെട്ട ദണ്ഡവിമോചനങ്ങളുടെ ആധിക്യത്താൽ സഭാഭണ്ഡാഗാരം ശോഷിച്ചുപോയി എന്നാണു് 9—ാം പീയൂസു മാർപ്പാപ്പാ അതിശയോക്തിയോടുകൂടി പറഞ്ഞിരിക്കുന്നതു്. ജപമാല വൃത്താകൃതിയായി, (അറ്റമില്ലാതെ) നിർമ്മിക്കപ്പെട്ടിരിക്കുന്നതുപോലെ തന്നെ അതുമൂലം സിദ്ധിക്കാവുന്ന നന്മകൾക്കും അവസാനമില്ല. ഏറ്റവും വലിയ മനോഗുണമായ അന്ത്യനിലനില്പിന്റെ വരംതന്നെയും കൊന്തമാതാവു തന്റെ ഭക്തർക്കായി ലഭിച്ചുവച്ചിട്ടുണ്ടു. വൈദികരുടെ ഇടയിൽ കാനോനാനമസ്കാരത്തിനുള്ള സ്ഥാനമാണു അൽമേയരെ സംബന്ധിച്ചേടത്തോളം കൊന്തനമസ്കാരത്തിനുള്ളതു്. ജപമാലവഴിയായി നടന്നിട്ടുള്ള അത്ഭുതസംഭവങ്ങളും ആത്മീകമായും, ശാരീരികമായും ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളും അവർണ്ണനീയങ്ങളാകുന്നു.

നമ്മുടെ നാട്ടിലെ എല്ലാ കത്തോലിക്ക് കുടുംബങ്ങളിലും ജപമാലപ്രാർത്ഥന മുടങ്ങാതെ നടത്തിവരുന്നുണ്ടെന്നുള്ളതു് ഏറ്റവും സന്തോഷകരവും സ്തുത്യർഹവുമാകുന്നു. മലയാളത്തിലെ കത്തോലിക്കർ ജപമാലഭക്തിയിൽ അദ്വിതീയരാണെന്നു തിരുസിംഹാസനത്തുങ്കൽപോലും ബോധപ്പെട്ടിട്ടുള്ളതാണു്. ഈ വിഷയത്തെക്കുറിച്ചു അധികമൊന്നും പറയണമെന്നില്ല. എന്നുവരികിലും ഒരു സംഗതിയിലേക്കു നിങ്ങളുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കണമെന്നുദ്ദേശിക്കുന്നു. എന്തെന്നാൽ

കൊന്ത വെഞ്ചരിച്ചു ഉപയോഗിക്കുക എന്നതും, കൊന്തസഭയിൽ ചേരുകയെന്നതും രണ്ടു വ്യത്യസ്തകാര്യങ്ങളാകുന്നു. വെഞ്ചരിച്ച കൊന്ത ഉപയോഗിക്കുന്നവർക്കു ആ വെഞ്ചരിപ്പിനടുത്ത ദണ്ഡവിമോചനങ്ങൾ ലഭിക്കുന്നുണ്ടു്. എങ്കിലും അതുകൊണ്ടുമാത്രം അവർ കൊന്തസഭയിൽ ചേർന്നു എന്നു പറയാൻ പാടില്ല. കൊന്തസഭയിൽ ചേരുന്നതിനാഗ്രഹിക്കുന്നവർ കൊന്ത വെഞ്ചരിപ്പിക്കയും ആഴ്ചയിൽ മൂന്നു പ്രാവശ്യമെങ്കിലും അൻപത്തുമൂന്നുമണി ജപം ചൊല്ലുകയും ചെയ്യുന്നതിനു പുറമെ മുറപ്രകാരം ആ സഭ സ്ഥാപിച്ചിട്ടുള്ള സ്ഥലത്തെ രജിസ്റ്ററിൽ പേരെഴുതിക്കണമെന്നുള്ളതും കാതലായ ഒരു നിബന്ധനയാകുന്നു. ഇപ്രകാരം പേരെഴുതിക്കുന്നവർക്കു മാത്രമെ കൊന്തസഭക്കാർക്കുള്ള നിരവധി ജ്ഞാനവരങ്ങളിൽ പങ്കു ലഭിക്കാൻ സാധിക്കയുള്ളു. ജപമാല ഉപയോഗിക്കുന്നവരിൽ അധികംപേരും, മുഖ്യമായ ഈ സംഗതി വിസ്മരിച്ചു പ്രവർത്തിക്കുന്നതായിട്ടാണു പ്രായേണ കണ്ടുവരുന്നതു്. കൊന്തസഭയിൽ പേരെഴുതിക്കുന്നതുകൊണ്ടു വിശേഷാൽ ഒന്നും ചെയ്യുന്നതിനു സഭാംഗങ്ങൾ ചുമതലപ്പെടുത്തപ്പെടുന്നില്ലെന്നു മാത്രമല്ല, എളുപ്പത്തിൽ അനേകം ദണ്ഡവിമോചനങ്ങളും മറ്റും അവർക്കു സിദ്ധിക്കയും ചെയ്യും. ജപമാലയിലെ ഓരോ നന്മനിറഞ്ഞ മറിയം എന്ന ജപത്തിന്റെ ഒടുവിലുള്ള ഈശോ എന്ന നാമത്തിനു അഞ്ചു വർഷത്തെ ദണ്ഡവിമോചനമുണ്ടു്. വെഞ്ചരിച്ചകൊന്ത തങ്ങളോടുകൂടി കൊണ്ടുനടക്കുന്ന സഭാംഗങ്ങൾക്കു ദിനംപ്രതി നൂറു വർഷത്തെ ദണ്ഡവിമോചനം ലഭിക്കുന്നു. കൊന്തസഭക്കാർക്കു വേണ്ടി അവരുടെ മരണശേഷം ചൊല്ലപ്പെടുന്ന കുർബ്ബാനകൾ എല്ലാം, എവിടേയും "സ്വയവരപീഠം" എന്ന ദണ്ഡവിമോചനം ഉള്ളതായിരിക്കും. ഡൊമിനിക്കൻ സഭയിലെ അംഗങ്ങൾ ചെയ്യുന്ന ദിവ്യപൂജ, കാനോനാനമസ്കാരം, മറ്റു സൽകൃത്യങ്ങൾ എന്നിവകളിലെല്ലാം കൊന്തസഭക്കാർക്കു പങ്കു ലഭിക്കുന്നതാണു്. പൂർണ്ണങ്ങളും അപൂർണ്ണങ്ങളുമായി ജപമാലസഖ്യാംഗങ്ങൾക്കു നിഷ്പ്ര

യാസം ലഭിക്കാവുന്ന അസംഖ്യം ദണ്ഡവിമോചനങ്ങളും മററു ജ്ഞാനനന്മകളും വിസ്താരഭയത്താൽ ഇവിടെ പ്രസ്താവിക്കുന്നില്ല. "ദണ്ഡവിമോചനമുള്ള സഭകളുടെ രാജ്ഞി" എന്നാകുന്നു വേദശാസ്ത്രജ്ഞനായ ഫാബർ എന്ന മഹാൻ കൊന്തസഭയ്ക്കു പേരുകൊടുത്തിരിക്കുന്നതു്.

ആകയാൽ ഒക്ടോബർ മാസത്തിൽ പത്തു ദിവസം, വിശുദ്ധ കർബാന പരസ്യമായി എഴുന്നെള്ളിച്ചുവെച്ചുകൊണ്ടു് കൂട്ടമായി ജപമാലപ്രാർത്ഥന നടത്താനുള്ള പതിവനുസരിച്ചു ഇക്കൊല്ലവും എല്ലാ പള്ളികളിലും പൂർവ്വാധികം ഭംഗിയായും, ഭക്തിപൂർവ്വവും, ആ ദിവ്യകർമ്മം നടത്തുവിൻ. ആ അവസരത്തിൽ തിരുസഭാധ്യക്ഷൻെറ എല്ലാം നിയോഗസാദ്ധ്യത്തിനായും പ്രത്യേകിച്ചു ആധിമതകങ്ങളിലെ കഠോര വേദതെറ്റുകളെ ഉല്ലംഘിക്കുന്നവിധം മെക്സിക്കോ രാജ്യത്തു ഇന്നു നടക്കുന്ന മതപീഡനം ശമിക്കുന്നതിനായും തീഷ്ണതാപൂർവ്വം പ്രാർത്ഥിപ്പിൻ. യാക്കോബായക്കാരാദിയായ നമ്മുടെ അകത്തോലിക്ക് സോദരങ്ങളുടെ കാര്യവും, ഇടത്തൂട്ടുകളെ നശിപ്പിക്കുന്നവളായ ജപമാല രാജ്ഞിയുടെ സന്നിധിയിൽ സമർപ്പിക്കുവിൻ. ദൈവാനുഗ്രഹങ്ങളെ കുടുംബങ്ങളിൽ നിരർഗ്ഗളം വർഷിപ്പിക്കുന്ന അമ്പത്തുമൂന്നുമണി ജപം എല്ലാവരും വീട്ടിലായിരുന്നാലും വഴിക്കായിരുന്നാലും സന്ധ്യ സമയത്തു തന്നെ കണിശമായി ചെയ്യുന്നതിനു നിർബന്ധം ചെയ്യുവിൻ. കൂടാതെ സ്ത്രീപുരുഷ വലിപ്പചെറുപ്പഭേദമെന്യേ എല്ലാവരും കൊന്ത ഉപയോഗിക്കുന്നതിനും സഭയിൽ ചേർന്നു, പേരെഴുതിച്ചു തത്സംബന്ധമായുള്ള ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിനും ജാഗ്രതകരായിരിപ്പിൻ.

## നമ്മുടെ കാവൽമാലാഖാമാർ.

(റവ. ഫാദർ മർസ്സലിൻ സി. ഡി).

ഈ ചെറിയവരിൽ ഒരുവനെയും നിന്ദിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ: എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിൽ അവരുടെ മാലാഖാമാർ സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ മുഖം എല്ലായ്പോഴും കാണുന്നുവെന്നു നിങ്ങളോടു പറയുന്നു" എന്നു മത്തായി ൧൮-ാം അ. ൧൦-ാം വാക്യത്തിൽ നമ്മുടെ ദിവ്യരക്ഷിതാവു അരുളിച്ചെയ്തിരിക്കുന്നു. ഇതിൽനിന്നു മനുഷ്യരിൽ ഓരോരുത്തർക്കും ഓരോ കാവൽമാലാഖാ ഉണ്ടായിരിക്കുന്നു എന്നുള്ളതു് സ്പഷ്ടമായ ഒരു സത്യമാണ്. ഈ മാലാഖാമാർ ദൈവത്തെ പ്രത്യക്ഷമായി ദർശിച്ചാനന്ദിക്കുന്നു. അതേസമയം തന്നെ തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ആളുകളെ ജാഗ്രതയോടെ കാത്തുപരിപാലിക്കയും ചെയ്യുന്നു. ഈ സത്യം യൂദന്മാരും പൂർവ്വക്രിസ്ത്യാനികളും പൊതുവായി വിശ്വസിച്ചുവന്നിരുന്ന ഒന്നായിരുന്നു.



ശ്ലീഹന്മാരുടെ നടപടി ൧൨-ാം അ. ൧൫-ാം വാക്യത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവം ഇതിനു ഒരു നല്ല ദൃഷ്ടാന്തമാണ്. എന്തെന്നാൽ കാരഗൃഹത്തിൽ ബന്ധിക്കപ്പെട്ടിരുന്ന വിശുദ്ധ പത്രോസ്ശ്ലീഹാ വന്നു വാതില്ക്കൽ മുട്ടുന്നു എന്നു് റോദെ എന്നു പേരുള്ള ഒരു പെൺകുട്ടി വീട്ടിൽ കൂടിയിരുന്ന വിശ്വാസികളോടു ചെന്നറിയിച്ചപ്പോൾ അതു് അദ്ദേഹത്തിൻെറ മാലാഖായായിരിക്കും എന്നത്രേ അവർ ഉത്തരിച്ചതു്. എല്ലാവർക്കും ഓരോരോ കാവൽദൂതന്മാരുണ്ടെന്നു

ള്ള ഈ സത്യത്തെ വിശുദ്ധപിതാക്കന്മാർ എല്ലാവരും ഏകാഭിപ്രായമായി പഠിപ്പിക്കുന്നു. ദൃഷ്ടാന്തത്തിനായി വിശുദ്ധ ഈറോനീമോസിന്റെ സാക്ഷിപത്രം മതിയായിരിക്കുമെന്ന് കരുതി, ശേഷമൊക്കെയും വിട്ടുകളയുന്നു. ഈ മല്പാൻ പറയുന്നതായതു്; ഹാ! ആത്മാവുകളുടെ ശ്രേഷ്ഠത എത്രയോ മഹത്തായതായിരിക്കുന്നു! എന്തുകൊണ്ടെന്നാൽ, ഓരോരുത്തർ ജനിക്കുന്ന ആദ്യക്ഷണം മുതൽക്കേ, അവരുടെ കാവലിനായി നിയമിക്കപ്പെട്ടിരിക്കുന്ന ഓരോ മാലാഖാമാർ ഉണ്ടായിരിക്കുന്നു. (Com in Math. I. 13.) അപ്പോഴൊ നമ്മുടെ ജനനം മുതൽ നമ്മെ കാത്തുപരിപാലിക്കുന്നതിന് ഭരമേറ്റിരിക്കുന്ന മാലാഖാമാരുടെ നേർക്ക് നമുക്ക് എത്രമാത്രം ഭക്തിയുണ്ടായിരിപ്പാൻ ന്യായമായിരിക്കുന്നു? ഈ ദൈവദൂതന്മാർക്കുള്ള പരിശുദ്ധത, ശ്രേഷ്ഠത, ദൈവത്തിന്ന് അവരോടുള്ള ഇഷ്ടം, അവരുടെ ഉദ്യോഗം, അവർ നമുക്ക് ചെയ്യുന്ന ഉപകാരസഹായങ്ങൾ എന്നിവയേപ്പറ്റി സ്വല്പമൊന്നു ആലോചിച്ചു നോക്കുന്നുവെങ്കിൽ അവരെ നാം എത്രമാത്രം വണങ്ങി നമസ്കരിപ്പാനും, സ്തുതിച്ചുകൊണ്ടാടുവാനും, അവരുടെ നേരെ കൃതജ്ഞതയും മനോവിശ്വാസവും കാണിപ്പാനുംകടപ്പെട്ടവരാകുന്നു എന്ന് എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്.

ഓരോരുത്തർക്കും ഓരോ കാവൽ മാലാഖാമാർ ഉണ്ടെന്നുള്ള സത്യം വിശുദ്ധ സുവിശേഷം നമ്മെ പഠിപ്പിക്കുന്നതിനോടുകൂടെ അവരെ നാം വണങ്ങുകയും സ്നേഹിക്കയും ചെയ്യണമെന്നുള്ളതും നമ്മെ പഠിപ്പിക്കുന്നു. തിരുസഭയുടെ ആരംഭകാലം മുതൽക്കേ കാവൽമാലാഖാമാരുടെ തിരുനാൾ ഓരോ പ്രത്യേക പള്ളികളിൽ ഘോഷിച്ചുവന്നിരുന്നു എങ്കിലും ൫-ാം പൌലോസ് മാർപ്പാപ്പായുടെ കാലത്തിലാണ്, അതു് തിരുസഭ ഒട്ടുക്കുള്ള തിരുനാളായി കൊണ്ടാടുവാൻ തുടങ്ങിയതു്. എങ്ങനെയെന്നാൽ, ഔസ്ത്രീയായുടെ രാജാവായിരുന്ന ഫെർദിനാന്തോസ് എന്നയാൾ കാവൽമാലാഖായുടെനേരെ തനിക്കുണ്ടായിരുന്ന അതിയായ ഭക്തി നിമിത്തം ഈ തിരുനാളിനെ തിരുസഭയിൽ എല്ലായിടത്തും ഘോഷിപ്പാൻ തക്കവണ്ണം ഏർപ്പെടുത്തണമെന്നു പ്രസ്തുത മാർപ്പാപ്പായോടു വളരെ മുട്ടിപ്പായി അപേക്ഷിക്കയും, രാജാവിന്റെ ഇത്ര ഭക്തിജനകമായ അപേക്ഷയ്ക്കു അനുസരണമായി വിശ്വാസികളുടെ ഇടയിൽ ഈ വണക്കത്തെ അതിപ്രബലമാക്കിത്തീർക്കുമാറു് ഒക്ടോബർമാസം രണ്ടാം തീയതി ഈ തിരുനാൾ ലോകമെങ്ങും കൊണ്ടാടപ്പെടണമെന്നു മാർപ്പാപ്പാ നിശ്ചയിച്ച് ഒരു തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

വിശുദ്ധ റപ്പായേൽ മാലാഖാ, ചെറിയ തോബിയാസിന്നു ചെയ്തുകൊടുത്ത നന്മോപകാരങ്ങൾ തന്നെയാണ്, നമ്മുടെ കാവൽദൂതന്മാർ നമ്മിൽ ഓരോരുത്തരോടും പ്രതിദിനം ചെയ്തുവരുന്നതു്. മുഖ്യദൂതനായ വിശുദ്ധ റപ്പായേൽ ആ ബാലനു വളരെ ദീർഘമുള്ളതും, വിഷമമേറിയതുമായ ആ പ്രയാണത്തിൽ ഒരു നല്ല വഴികാട്ടിയുടെ നിലയിൽ അവനെ നടത്തി, സകല അപകടങ്ങളിൽ നിന്നും കാത്തുരക്ഷിച്ച് സുഖസന്തോഷത്തോടെ തിരിച്ചു വീട്ടിൽ കൊണ്ടുവന്നാക്കുകയും, റാഗുവേലിന്റെ ഭവനത്തിൽ സന്തോഷവും ആനന്ദവും വരുത്തുകയും, തോബിയാസിന്റെ മാതാപിതാക്കന്മാരെ സന്തോഷാശ്വാസങ്ങളാൽ പരിപൂർണ്ണരാക്കുകയും ചെയ്തു. ആ ദൈവദൂതന്റെ നേരെ ആ നല്ല ബാലൻ എത്ര അനുസരണയും നന്ദിയും കീഴ്‌വഴക്കവും ഉള്ളവനായിരുന്നുവോ, അപ്രകാരം ക്രിസ്ത്യാനിയായ വായനക്കാരാ! നീയും ആ യുവാവിന്റെ സന്മാതൃകയനുസരിച്ച് നിന്റെ കാവൽ മാലാഖായുടെ നേർക്കുള്ള ഭക്തി മേൽക്കുമേൽ വർദ്ധിപ്പിക്കുവാൻ ശ്രമിക്കയും നിന്റെ സഹായത്തിനു അദ്ദേഹത്തെ കൂടക്കൂടെ വിളിക്കയും വേണം.

# കത്തോലിക്കമതവും സമുദായാഭിവൃദ്ധിയും.

(ഓണറബിൾ. എം. രത്നസ്വാമി എം. ഏ. ബാർ അററ്ലാ. എം. എൽ. ഏ. അവർകളുടെ കോൺഗ്രസ്സ് അദ്ധ്യക്ഷപ്രസംഗത്തിൽ നിന്ന്.)

ഇൻഡ്യയിലെ പ്രധാന തൊഴിൽ കൃഷിയാണെന്നു സാധാരണ പറയാറുണ്ട്. എന്നാൽ കൃഷിക്കു വ്യവസായാഭിവൃദ്ധി ഒഴിച്ചുകൂടാത്തതാകുന്നു. ഒരു രാജ്യത്തെ കൃഷിക്കു അഭിവൃദ്ധി വരുത്തണമെങ്കിൽ അവിടെ വ്യവസായവും ആരംഭിക്കേണ്ടതു ആവശ്യമാകുന്നു. ഭൂമിയോടുള്ള മൽപ്പിടുത്തത്തിനു വ്യവസായം കുറവു വരുത്തുകയും കാർഷികോല്പന്നങ്ങളുടെ ആവശ്യം വർദ്ധിപ്പിക്കയും ചെയ്യുന്നു. ഇതു വർദ്ധമാനമായ ആവശ്യവും കൃഷിക്കു കൂടുതൽ അഭിവൃദ്ധിയുണ്ടാകുവാൻ ഒരു പ്രേരണയും അത്രേ. ഓടുണ്ടാക്കുക, മില്ലുകളിൽ നെല്ലു കുത്തുക, എണ്ണച്ചക്കുകൾ ആട്ടുക ഇത്യാദി വ്യവസായങ്ങളിൽ കത്തോലിക്കർ പ്രവേശിച്ചു തുടങ്ങിയിട്ടുണ്ടെന്നു കേൾക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. കേരളത്തിലെ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു കത്തോലിക്കർ ഇതിലും അധികം പരിശ്രമിക്കുമെന്നു ഞാൻ ശരണപ്പെടുന്നു. നിങ്ങളുടെ കൊപ്രാ റബ്ബർ മുതലായവ വിദേശങ്ങളിൽനിന്നു ഓരോ സംസ്കൃതസാധനങ്ങളായിതിരിച്ചു വരത്തക്കവണ്ണം അസംസ്കൃതസ്ഥിതിയിൽ ഇവിടെനിന്നു അയച്ചുകൊടുക്കുന്നതിനു നിങ്ങൾ അനുവദിക്കരുതു്. നിങ്ങളുടെ സ്ഥിതിയിലുള്ള കത്തോലിക്ക സമുദായത്തിനു പരസ്പരവിശ്വാസം, അവിഭാജ്യനായകത്വം, ഫലോദയത്തോളം കാത്തിരിക്കുന്നതിനുള്ള ക്ഷമ എന്നീ വ്യവസായോൽക്കർഷാർത്ഥമുള്ള ഗുണങ്ങളെ സ്വാധീനമാക്കാൻ കഴിയും. ഈ ഘട്ടത്തിൽ തിരുവിതാംകൂറിലെ കത്തോലിക്കരുടെ ഇടയിൽ പരസ്പരസഹായപ്രസ്ഥാനത്തിനു അഭിവൃദ്ധിയില്ലെന്നുള്ള സംഗതി വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പ. സ. സംഘങ്ങൾ വർഗ്ഗീയമായി നടത്തപ്പെടുന്ന സ്ഥലങ്ങളിലെല്ലാം ഈ പ്രസ്ഥാനം അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ട്. ഈ വർഗ്ഗീയബന്ധനത്തെ വിസ്മരിച്ചു തുടങ്ങിയിരിക്കുന്നതായി ഞാൻ അറിയുന്ന തിരുവിതാംകൂർ ഗവർമ്മെണ്ടു അതിന്റെ ഈ വ്യതിയാനം പ. സ. പ്രസ്ഥാനത്തെ പരിപോഷിപ്പിക്കുവാൻ തക്കതാണോ എന്നു ശാന്തമായി ആലോചിക്കുന്നതു നന്നായിരിക്കും. ഭൗതികാഭിവൃദ്ധിയെ ഉദ്ദേശിച്ചുള്ള ഈ പ്രസ്താവനകൾക്കെല്ലാം നിർദ്ദിഷ്ടോദ്ദേശത്തോടുകൂടിയ ഒരു കത്തോലിക്ക കോൺഗ്രസ്സിൽ എന്തു ഔചിത്യമാണുള്ളതെന്നു നിങ്ങൾ ഇപ്പോൾ അത്ഭുതപ്പെടുകയായിരിക്കാം. എന്നാൽ കത്തോലിക്കമതവും സാമുദായികാഭിവൃദ്ധിയും തമ്മിൽ ഏററവും അടുത്ത ബന്ധമുള്ളതായിട്ടാണു ഞാൻ വിചാരിക്കുന്നതു്. ഇൻഡ്യയിലെ ഭൂരിപക്ഷം ജനങ്ങൾക്കും സുലഭമായ ചരിത്രജ്ഞാനം മാത്രമുള്ളവർക്കു ഈ അഭിപ്രായം വിസ്മയാവഹമായിരിക്കാം. എന്നാൽ ആധുനിക പരിഷ്കാരത്തിന്റെ അടിസ്ഥാനം ഉറപ്പിക്കപ്പെട്ടതു മദ്ധ്യയുഗങ്ങളിലാണെന്നു അറിവുള്ള കത്തോലിക്കരോടു സംസാരിക്കുമ്പോൾ ഇതുപോലെയുള്ള മറെറാരു സംഗതിയുടെ യാഥാർത്ഥ്യത്തെ എനിക്കു വിശദീകരിക്കുവാനുണ്ട്. സാമൂഹ്യാഭിവൃദ്ധി കത്തോലിക്കമതത്തിനു ഒഴിച്ചുകൂടാത്തതാണെന്നുള്ളതാകുന്നു. ആത്മശരീരങ്ങളെ സംബന്ധിച്ചു ഇൻഡ്യാക്കാർക്കുള്ള പ്രബലമായ പ്രമാണം അവ തമ്മിൽ വേർപെട്ടു ശത്രുക്കളായി വർത്തിക്കണമെന്നുള്ളതാകയാൽ പ്രസ്തുത സത്യത്തെ ശക്തിയുക്തം തെളിയിക്കേണ്ടിയിരിക്കുന്നു. ഹൈന്ദവാദർശമനുസരിച്ചു ജ

ഢത്തിൽനിന്നു ആത്മാവിനെ നിർബാധമാക്കിയെങ്കിൽ മാത്രമെ ആദ്ധ്യാത്മികാഭിവൃദ്ധി സാധിക്കുവാൻ പാടുള്ളു. കത്തോലിക്കമതബോധനം ഇപ്രകാരമല്ലെന്നു ഞാൻ എടുത്തുപറയേണ്ടതായിട്ടില്ലല്ലൊ.

ജഡത്തിൽ നിന്ന് പലായനം ചെയ്തിട്ടല്ല, ജഡത്തെ വിധേയമാക്കിയിട്ടാണ് ആത്മാവു വിജയം നേടേണ്ടത്. ആത്മാവിന്റെ പരിശീലനസ്ഥലമായിട്ടത്രെ ശരീരത്തെ വിചാരിക്കേണ്ടത്. ഈ തത്വം അനുസരിച്ചാണ് കത്തോലിക്കമതം ആദ്യകാലം മുതൽക്കേ സകല പരിഷ്കാരങ്ങളേയും ആദരിക്കയും അവയ്ക്കു ആദ്ധ്യാത്മികമായ ഉദ്ദേശവും സ്ഥാനവും നൽകുകയും ചെയ്തിട്ടുള്ളത്. ഭൗതികമായ പരിഷ്കാരങ്ങളെയും സംസ്കരണങ്ങളേയും ആദ്ധ്യാത്മികാഭിവൃദ്ധിക്കു സഹായകങ്ങളായും ആത്മികാഭ്യസനങ്ങൾക്കുള്ള വിഷയങ്ങളായും അങ്ങനെ കത്തോലിക്കസഭ ഉപയോഗിച്ചിട്ടുള്ളത്. ഈ ഉദ്ദേശത്തോടുകൂടി, മദ്ധ്യയുഗങ്ങളിലെ ദേവാലയങ്ങളും സന്യാസഗൃഹങ്ങളും എന്നുവേണ്ട, ടൌൺഹാളുകൾ കൂടെയും ആത്മീയജീവിതത്തെ അഭിവൃദ്ധമാക്കുന്നതിനുവേണ്ടി വൈചിത്ര്യപൂർണ്ണവും ആനന്ദപ്രദായകവും ആക്കിത്തീർത്തിരുന്നു. ജീവിതസുഖം, മനഃസംസ്കരണം, മനോഹരത്വം ഇവയാണ് കത്തോലിക്കകുടുംബത്തിന്റെ വിശേഷണങ്ങൾ. മേശയും കസേരയും മനുഷ്യനെ ഭൂമിയിൽനിന്നു ഏതാനും അംഗുലം ഉയർത്തികൊണ്ട് അവനു ഭൂമിയോടും ഭൗമികത്തോടും ഉള്ള ബന്ധത്തെ കുറവാക്കുന്നുവെന്നു ഗഹനമായ ഒരഭിപ്രായം ജി. കെ. ചെസ്റ്റേർട്ടൻ ഒരിടത്തു പറഞ്ഞിട്ടുണ്ട്. മി. ഗാന്ധിയും അനുയായികളും ഉപയോഗഹീനമായ അനാവശ്യങ്ങളെന്നു ഗണിക്കുന്ന വീട്ടുസാമഗ്രികളും മറ്റു നാഗരീകോപകരണങ്ങളും മനുഷ്യനെ ആപൽക്കരമായ അപരിഷ്കൃതാവസ്ഥയിലേക്കു വീണ്ടും വീഴാതിരിക്കുന്നതിനു സഹായിക്കുന്നവയാണ്. ഇതിൽനിന്നു വേണ്ടവണ്ണം സജ്ജീകൃതമായ ഒരു വീട്ടിലെ ആളുകൾ എപ്പോഴും ഗുണവാന്മാരും പരിശുദ്ധരും ആയിരിക്കണമെന്നു അർത്ഥമാക്കേണ്ടതില്ല. പക്ഷെ വിശാലവും മനോഹരവും ആകർഷണീയവും ആയ ഒരു വീടു മാനസികരോഗങ്ങളെ ശമിപ്പിക്കുന്നതിനു മാത്രമല്ല ആശയശുദ്ധിയെ സംരക്ഷിക്കുന്നതിനും പ്ലാപൂമായ ഒരു സിദ്ധൌഷധമാണ്. കേരളത്തിന്റെ ചില ഭാഗങ്ങളിൽ ഉള്ളതായി ഞാൻ അറിയുന്ന മദ്യപാനാസക്തി അത്യന്തം ആപൽകരമായ ഒരു സാമുദായിക ദൂഷ്യമാണ്. ഭവനം സുഖസന്തോഷപ്രദവും മനോഹരവും ആക്കിത്തീർക്കുന്നതു പ്രസ്തുത ദോഷനിവാരണത്തിനു ഗണ്യമായി സഹായിക്കുമെന്നു പറയുന്നതുകൊണ്ട് മതപ്രസംഗങ്ങളുടേയും പാപസങ്കീർത്തനങ്ങളുടേയും പ്രാധാന്യത്തെ ഞാൻ ലഘൂകരിക്കുന്നില്ല. ശരിയായ കത്തോലിക്കജീവിതത്തെ പുലർത്തുന്നതിന് പരിഷ്കാരഫലങ്ങളെ നാം ഇൻഡ്യയിൽ വേണ്ടിടത്തോളം ഉപയോഗപ്പെടുത്തുന്നില്ലെന്നാണ് എനിക്കു തോന്നുന്നതു. പരിഷ്കാരപ്രദങ്ങളായ യാതൊരു നവീനകണ്ടുപിടിത്തമൊ പരീക്ഷണഫലമോ സഭ അതിന്റെ ദിവ്യോദ്ദേശങ്ങൾക്കു ഒത്തവണ്ണം ഉപയോഗപ്പെടുത്താൻ മടിച്ചിട്ടില്ലാത്തതാണ് പാശ്ചാത്യരാജ്യങ്ങളിൽ അതിനു ഇത്ര ശക്തിയും വിജയവും സിദ്ധിച്ചിട്ടുള്ളത്. പുസ്തകപാരായണം, സംഗീതാഭ്യസനം, കരകൌശലപരിശീലനം മുതലായ ലൌകിക വിഷയങ്ങൾ മാനസിക സംസ്കരണത്തിനു സഹായിക്കുന്നവയാണെന്നു മതപ്രസംഗങ്ങളിൽ പ്രസ്താവിക്കുന്നതിനു അവിടെ വൈദികർ മടിക്കുന്നില്ല. ദുർമ്മാർഗ്ഗമന്ദിരങ്ങളിലേക്കുള്ള ആകർഷണത്തെ പ്രതിരോധിക്കുന്നതിനായി അവർ "ക്ലബുകൾ" 'അസോസിയേഷൻസ്' മുതലായവ സ്ഥാപിക്കയും, 'ഫൂട്ട്ബോൾക്ലബ്' 'സ്കേറ്റിംഗ് റിങ്ക്സ്' ആദിയായവയുടെ രക്ഷാധികാരം വഹിക്കയും ചെയ്യുന്നു. ഇൻഡ്യയിലും മതപ്രസംഗങ്ങൾ സാമുദായികപുരോഗമനത്തിനു ഉപകരിക്കത്തക്കവണ്ണം — സാമുദായികപുരോഗമനം ഈ പ്രസംഗങ്ങളുടെ ഉ

ക്ലേശമായിരിക്കണമെന്നല്ല നല്ലകത്തോലിക്കജീവിതമെന്ന പരമോദ്ദേശത്തെ സാധിക്കുവാനുള്ള മാർഗ്ഗങ്ങളിൽ ഒന്നായിട്ടു— നടത്തിയാൽ കൊള്ളാമെന്നു ഞാൻ ഏററം താഴ്മയോടെ അഭിപ്രായപ്പെട്ടുകൊള്ളട്ടെ.

## വി. പ്രൻസിസ്ക്കോസ്സ അസ്സിസ്സി ലോകത്തിനുവേണ്ടി എന്തുചെയ്തു?

(റവ. ഫാദർ ജേക്കബ്ബ് വെള്ളരിങ്ങാട്ട്.)

ഈമാസം നാലാംതീയതിയാണല്ലോ വി. പ്രൻസീസ്സൂസ് അസ്സീസിയുടെ തിരുനാൾ. സമുദായോദ്ധാരണാർത്ഥം ഈ മഹാവിശുദ്ധൻ എന്തു ചെയ്തിട്ടുണ്ടെന്നു ഈ തരുണത്തിൽ അല്പം ആലോചിക്കാം. എഴുനൂറു കൊല്ലം മുൻപത്തെ ലോകവും ആധുനികലോകവും തമ്മിൽ പ്രഥമദൃഷ്ട്യാ വളരെ വ്യത്യാസമുണ്ടെന്നു തോന്നും. പക്ഷെ ഈ ദർശനം ബഹിർമുഖമാണ്. ആഭ്യന്തരാവസ്ഥയിൽ അന്നും ഇന്നും സാമ്യമാണുള്ളതു്. ഇന്നത്തെപ്പോലെ ഇത്ര ഭൗമികാഭിവൃദ്ധിയോ ജനബഹുലനഗരമോ അന്നു് തീരെ ദുർല്ലഭമായിരുന്നു. ഇന്നത്തെ ഒരു നഗരത്തിൽതന്നെ അന്നു ഒരു രാജ്യമൊട്ടുക്കുണ്ടായിരുന്ന ജനസംഖ്യ അല്പ ഉള്ളതു്. ഇന്നത്തെ വിവിധപരിഷ്കാരങ്ങളെപ്പററി ഒന്നും പറകയേ വേണ്ട, ഇതൊക്കെ ശരി. പക്ഷെ ആന്തരികമായും ആദ്ധ്യാത്മികമായും ആശ്ചര്യകരമായ താരതമ്യം പ്രത്യക്ഷമാണ്. ഇന്നത്തെപ്പോലെ അന്നും ലോകം—പാശ്ചാത്യലോകം, നിരന്തര സമരങ്ങളുടെ അനന്തരഫലം അനുഭവിച്ചുകൊണ്ടിരുന്നു. സമുദായങ്ങളെ ഒന്നിച്ചു തൊടുത്തിരുന്ന കണ്ണികൾ പലതും പൊട്ടിത്തകർന്നു കിടന്നു. സഭയിൽ പോലും ഭൗമികത്വം കൂടുതൽ സ്ഥലം പിടിച്ചു. സ്ഥിരതയുടേയും ശക്തിയുടെയും ആസ്ഥാനമായിരിക്കേണ്ടതായ ഉന്നതസ്ഥാനങ്ങൾ പലതും ദൗർബ്ബല്യത്തിന്റെയും ഭിന്നതയുടേയും ദൃഷ്ടാന്തങ്ങളായി പാഷണ്ഡന്മാരുടേയും സീശ്മകളുടേയും നാശകരമായ തുടർച്ചയാൽ ജനതതിയുടെ വിശ്വാസം സംശയസ്ഥാനത്തായി. സാമ്പത്തികനിലയും കഷ്ടാൽ കഷ്ടതരമായിരുന്നു. പ്രഭുക്കന്മാരും ജന്മികളും സാധുക്കളെ തീരെ അവഗണിച്ചു. അവരുടെ ദൃഷ്ടിയിൽ ഇവർ അടിമകളായി കഴിഞ്ഞുപോന്നു. ഇനി ഈ ദരിദ്രഗണത്തിൽനിന്നുയർന്ന കുബേരന്മാരും കച്ചവടക്കാരും, സ്വസഹോദരങ്ങളെ മൃഗതുല്യമേ കരുതിയിരുന്നുള്ളു. നിർദ്ധനത്വം നിന്ദ്യവും ദോഷാവഹവും ആയിരുന്നു. ധനവും ദ്രവ്യാഗ്രഹവും പ്രത്യേകം സാധുസംരക്ഷകരാകേണ്ടിയിരുന്നവരെ കൂടുതൽ ബാധിച്ചിരുന്നു. ക്ഷാമബാധിതരായിരുന്ന യാചകസംഘവും പരിത്യക്തരായ കുഷ്ഠരോഗിവൃന്ദവും നാടെല്ലാം അലഞ്ഞു തിരിഞ്ഞിരുന്നു. ഉത്തമന്മാരായ പല സഭാനായകന്മാരും അനേകം സന്യാസികളും വൈദികരും ഈ സ്ഥിതിഗതികളെ പരിഷ്കരിക്കാൻ ചെയ്ത യത്നം കൊണ്ടൊന്നും വലിയ ഫലമുണ്ടായില്ല. അത്യാഗ്രഹത്തിന്റേയും വിദ്വേഷത്തിന്റെയും യമകിങ്കരന്മാർ കൈകോർത്തു ഭരണം നടത്തുന്നുവോ എന്നു സംശയിക്കേണ്ടിയിരുന്നു. പട്ടണം പട്ടണത്തിനും, പ്രഭു പ്രഭുവിനും വിരോധമായി ഹിംസക്കുടിയും ശുണ്ഠിപിടിച്ചും കഴിഞ്ഞുവന്നു. കച്ചവടക്കാർ പരസ്പരം കലഹിച്ചിരുന്നു. വസ്തു ഉടമസ്ഥന്മാർ സാധുക്കളായ കുടിയാന്മാരെ ചവുട്ടിമെതിച്ചിരുന്നു. ധനവാന്മാരുടേയും പാവപ്പെട്ടവരുടേയും മദ്ധ്യേ ചക്രവാതങ്ങളാൽ പങ്കാകുലവും ദുരവഗാഹവുമായ ഒരു കടലിടുക്ക് ദിവസേന വിസ്തീർണ്ണപ്പെട്ടുവന്നു. സാധുക്കൾ തങ്ങളെ

മോചിപ്പിക്കാനിരിക്കുന്ന നാഥന്റെ വരവുനോക്കി മടുത്തു. അപ്പോഴാണ് നസ്രേസിൽനിന്ന് ക്രിസ്തു എന്നപോലെ, അസ്സീസിയിൽ നിന്നു ഫ്റാൻസീസ് പുറപ്പെട്ടതു്. വനത്തിൽ വസിച്ചിരുന്ന മഹഷിവയ്യനായ യോഹന്നാനേപ്പോലെ മദ്ധ്യകാലത്തെ ഭൗമിക വിപിനത്തിൽ ഫ്റാൻസിസ് താപസശ്രേഷ്ഠൻ ഒരു പ്രദീപമെന്നപോലെ ഉദയംചെയ്തു.

ഈദൃശമായ പരിതാപകരാവസ്ഥയാണു് ഫ്റാൻസീസ് കീഴ്മേൽ മറിച്ചതു്. ജീവിതാഹങ്കാരത്തിലും വിഷയാസക്തിയിലും ആണ്ടുകിടന്ന ലോകത്തെ ത്രാണനംചെയ്വാൻ, കാലിക്കൂട്ടിലെ വിനീത ജനനവും നസ്രസ്സിലെ അജ്ഞാതജീവിതവും കാൽവരിയിലെ കുരിശുമരണവുമല്ലാതെ മറെറാരു തക്കമാഗ്ഗം ദൈവസുതൻ കണ്ടില്ലെങ്കിൽ പിന്നെയെന്താണ് ഫ്റാൻസീസ് കാണുക! ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ലല്ലോ. ക്രിസ്തുവിന്റെ ഭൃത്യനായ (ഭൃത്യനെന്നല്ല ക്രിസ്തുവിളിക്കുന്നതു്, സ്നേഹിതൻ എന്നത്രെ.) ഫ്റാൻസീസും ക്രിസ്ത്വാനുകരണം മുറയ്ക്കു ആരംഭിച്ചു. പരിപൂൎണ്ണപരിത്യാഗം ദൃഷ്ടാന്തരൂപേണ ഉപദേശിച്ചുതുടങ്ങി. തലചായ്ക്കാൻ സ്ഥലം പിടിക്കുന്നില്ല. അഷ്ടിക്കുപോലും ഒററകാശെങ്കിലും സൂക്ഷിക്കുന്നില്ല. പലിശക്കിടുന്നില്ല. നിക്ഷേപിക്കുന്നില്ല. സുഖവും മാനവും അന്വേഷിക്കുന്നില്ല. എല്ലാം വെടിഞ്ഞിട്ടു് എല്ലാം സമ്പാദിക്കുന്നു. എല്ലാവക്കും എല്ലാവുമാകുന്നു. എന്തിനേറെ, നന്മ വ്യാപകമാണല്ലോ. അതിന്റെ ശക്തി അജയ്യവുമാണ്. ശിഷ്യർ വദ്ധിച്ചു. പ്രഭുക്കളും കുബേരന്മാരും ധനമാനാദികൾ വെടിഞ്ഞു് ദരിദ്രരായി. ദാരിദ്ര്യപരിഹാരാത്ഥം അവർ ദരിദ്രരായിച്ചമഞ്ഞു. യാചകമോചനാത്ഥം അവർ യാചകരായി. വിതയ്ക്കുകയോ കൊയ്യുകയോ ചെയ്യാത്ത ആകാശപറവകളെപ്പോലെ നിദ്ധനരാവാൻ ഫ്റാൻസീസ് ശിഷ്യരോടു ഉപദേശിച്ചു... യൂറോപ്പിലെ സ്ഥിതി ഒന്നു മാറാനും തുടങ്ങി.

ഫ്റാൻസീസ്സിൻ സഭയുടെ ദൃഷ്ടാന്തവും ദൌത്യവും ജന്മിവഗ്ഗത്തിന്റെ ജൃംഭണത്തിൽനിന്നു സാധുജനത്തെ വിമോചിപ്പിക്കുന്നതിനുള്ള മാഗ്ഗവുമായി. ഇതുതന്നെയാണ്, യൂറോപ്യൻ സമുദായമാവിനെ മുഴുവൻ പുളിപ്പിക്കുവാൻസഭാമാതാവു ഉപയോഗപ്പെടുത്തിയ പുളിച്ചമാവു് അഥവാ വിജ്ഞാനലവണം. 13-ാംലെയോൻ പാപ്പാ പറയുന്നപോലെ നിഷ്ക്കരുണകന്മാരായ കുബേരന്മാർ സാധുക്കളുടെ തോളിലേററിയിരിക്കുന്ന ദുവ്വഹമായ ഇരിമ്പുലക്കയെ മാററിക്കളയുന്നതിനു് ഇന്നും ഫ്റാൻസ്സീസിന്റെ ആത്മചൈതന്യം സമുദായനേതാക്കന്മാരെ ശക്തിയായി പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ മോചനദാതാവിനോടു സാധുലോകം അന്നുമിന്നും എത്ര കടപ്പെട്ടുന്നു! അവരുടെയെല്ലാം നിവ്വ്യാജസ്നേഹത്തിനും പരിപൂണ്ണബഹുമാനത്തിനും ഫ്റാൻസ്സീസ് എന്നും പാത്രീഭൂതനാണു്. നിർവ്യാജമായി സ്നേഹിക്കുക. നിസ്വാത്ഥമായി പ്രവത്തിക്കുക. അപ്പോൾ പ്രതിസ്നേഹവും സഹകരണവും തീർച്ചയാണു്. ക്രിസ്തുവിന്റെ സുവിശേഷവചനങ്ങൾ ഇത്ര നിഷ്കൃഷ്ടയായി പിടിച്ചുകൊണ്ടു് പരിപൂണ്ണത്യാഗത്തിലും നിർധനത്വത്തിലും ജീവിക്കുവാൻ ദുർല്ലഭം ചിലർ ക്ഷണിക്കപ്പെടുന്നു. സകലക്കും ഈ ഉൽകൃഷ്ടാദശത്തോടു് പ്രതിപത്തിയും ബഹുമാനവും ഉണ്ടായിരിക്കാവുന്നതും ഉണ്ടായിരിക്കേണ്ടതുമാണു്. എല്ലാവരും ഫ്റാൻസ്സീസ് ആവുക അസാദ്ധ്യമാണു്. പക്ഷെ മനോദാരിദ്ര്യം ഏവക്കും ലക്ഷ്യമായിരിക്കണം. ഹൃദയനിദ്ധനത്വമാണല്ലോ ദൈവകല്പിതം. ധനവാന്മാക്കും ഇതവശ്യാവശ്യം തന്നെ.

ആധുനികലോകം അക്ഷമതയോടെ ധനാർജ്ജനവിഷയത്തിൽ ബദ്ധശ്രദ്ധാലുവായിരിക്കുന്നു. സമസ്യേഷ്ടൻ ഹനിക്കപ്പെടട്ടെ, നിയമങ്ങൾ ലംഘിക്കപ്പെടട്ടെ, സ്വാത്ഥം നേടിയെ കഴിയൂ. ഇതാണു് ആധുനികലോകത്തെ ബാധിച്ചിരിക്കുന്നവ്യാധി. ഫ്റാൻസിസ്സിൻ അരൂപിതന്നെയാണു് ഈ വ്യാധിക്കുള്ള പ്രതിവിധി.

# ആർസിലെവികാരിയച്ചനും ഒരു പ്രോട്ടെസ്റ്റൻറുകാരനും.

(റവ ഫാദർ വില്യം ടി. ഒ. സി. ഡി. എം. എ. എൽ. ററി.)

കുരേദ് ആർ എന്ന പേരിൽ സുപ്രസിദ്ധനായിത്തീർന്നിരിക്കുന്ന വി. യോഹന്നാൻ വിയാന്നിയെ കാണുന്നതിനായി ഒരിക്കൽ മാന്യനായ ഒരു പ്രോട്ടസ്റ്റൻറുകാരൻ ചെന്നിരുന്നു. സംഭാഷണം കഴിഞ്ഞു യാത്രപറഞ്ഞു പിരിയാറായപ്പോൾ വിശുദ്ധൻ ആ മാന്യന്റെ കയ്യിൽ ഒരു കാശുരൂപം കൊടുത്തു.

“വികാരിയച്ചാ! ഒരു പാഷണ്ഡനാണു അങ്ങു ഈ കാശുരൂപം തരുന്നതു എന്നുള്ളതു മറന്നുപോയി. പക്ഷെ അങ്ങെ അഭിപ്രായത്തിൽ ഞാൻ ഒരു പാഷണ്ഡനാണെന്നു വരികിലും ഒരിക്കൽ നാം രണ്ടുപേരും മോക്ഷത്തിൽ ഒരുമിച്ചു കൂടുമെന്നു എനിക്കു പ്രത്യാശയുണ്ട്. നാം തമ്മിലുള്ള മതഭിന്നത അത്ര സാരമുള്ളതല്ല.” വിശുദ്ധ വികാരി അച്ചൻ അയാളുടെ കൈപിടിച്ചു അയാളുടെ മുഖത്തു സൂക്ഷിച്ചുനോക്കി. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സ്ഥിരവിശ്വാസവും ആർദ്രസ്നേഹവും പ്രതിബിംബിച്ചിരുന്നു. വളരെദയാപുരസ്സരംഅദ്ദേഹം മറുപടിയായി ഇങ്ങനെ പറഞ്ഞു.

കഷ്ടം നാം ഈ ലോകത്തിൽ വെച്ചു ഒരുമിക്കാത്തപക്ഷം പരലോകത്തിൽ വെച്ചു യോജിക്കയില്ല. മരണം കൊണ്ടു ഈദൃശകാര്യങ്ങളിൽ ഒരുമാററവും വരുമെന്നു കരുതേണ്ട. മരം ഏതുവശത്തോട്ടു വീഴുന്നോ അവിടെത്തന്നെ കിടക്കും എന്നാണല്ലൊ വിശുദ്ധ പുസ്തകത്തിൽ കാണുന്നതു്.

പക്ഷെ അച്ചാ! എന്നിൽ വിശ്വസിക്കുന്നവൻ ആരോ അവനു നിത്യായുസ്സു ഉണ്ടായിരിക്കും, എന്നു വാഗ്ദാനം ചെയ്തിരിക്കുന്ന മ്ശിഹായുടെവാക്കുകളിൽ ഞാൻ വിശ്വസിച്ചിരിക്കയാണു്

എന്നാൽ തിരുസഭയുടെ പഠനത്തെ വകവെയ്ക്കാത്തവനെ അജ്ഞാനിയായി കരുതണമെന്നും നമ്മുടെ കർത്താവു അരുളിച്ചെയ്തിട്ടുണ്ടു്. ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും മാത്രം എന്നാണു അദ്ദേഹം അരുളിച്ചെയ്തിരിക്കുന്നതു്. ഇതിനെത്തുടർന്നു വളരെ സൌമ്യഭാവത്തിൽ ‘എന്റെ സ്നേഹിതാ! ദൈവത്തെ ശുശ്രൂഷിക്കുന്നതിനു രണ്ടുവഴിയില്ലാ; സാക്ഷാൽ ഉള്ള വഴി ഒന്നുമാത്രമാണു്.’ ദൈവത്തെ ശുശ്രൂഷിക്കുന്നതു അദ്ദേഹത്തിന്റെ തിരുമനസ്സിനനുസരിച്ചു തന്നെ വേണം എന്നു വി. യോഹന്നാൻവിയാന്നി പറഞ്ഞു.

ഇത്രയും കഴിഞ്ഞു വിശുദ്ധൻ മുറിയിലേക്കു പിന്തിരിഞ്ഞു. സന്ദർശകൻ മനക്കലക്കത്തോടെ വീട്ടിലേക്കു മടങ്ങി. ഏറെ താമസിയാതെ അയാൾ തന്റെ നിലയുടെ ദൂഷ്യം മനസ്സിലാക്കി സത്യസഭയിൽ പ്രവേശിക്കയും ചെയ്തു.

# മലയിലെപ്രസംഗം. (തുടർച്ച)

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.)

അലക്ഷ്യമായരിയൊടെതിർക്കിലോ ജവാ–
ലലംഘ്യമാം കൊടിയ വിധിക്കു യോഗ്യനായ്
കലക്കമേറിയ മനമേറ്റ ബന്ധന–
സ്ഥലത്തിൽ നീ നിരവധിനാൾ കിടന്നിടും.

അനന്തമാം വ്യഭിചരണം വിലക്കി മു–
മ്പ;നർഹമാം നിനവു കലർന്നു പൂരുഷൻ
മനസ്സുഴിഞ്ഞൊരുവളെ നോക്കിടുന്നതും
വിനയ്ക്കിട പരമരുളുന്ന പാപമാം.

കരങ്ങളോ പദനയനങ്ങളോ ബലാൽ
ദുരന്തമീത്തവ വരുമാറെതിർക്കിൽ നീ
രെല്ലവും മടികലരാതവയ്ക്കു സ—
ത്വരം കരൾത്തെളിവൊടു നാശമേകണം.

മുറയ്ക്കിണങ്ങിയ നിഖിലാംഗമോടുമോ—
ത്തറപ്പെഴും നരകമണഞ്ഞിടുന്നതിൽ
കുറഞ്ഞതാമവയവമോടു ഭാവുകം
നിറഞ്ഞിടും ദിവമണയുന്നതുത്തമം.

ഉരയ്ക്കൊലാ കപടമിയന്ന സത്യമാ—
ദരത്തൊടും ശപഥമുടൻ തികയ്ക്കു നീ
നിരന്തരർ പരനിവ ചൊല്ലി മുമ്പു; മൽ
സ്വരത്തെയും വടിവൊടു നിങ്ങൾ കേൾക്കുവിൻ

വരിഷ്ഠമാം നിലയെ വെടിഞ്ഞു സത്യമെ—
ന്നൊരിക്കലും പറയരുതത്രയല്ലതിൽ
ധരിത്രി വാനിവയുടെയും വിശുദ്ധമാം
പുരിക്കുമുള്ളഭിധകൾ ചേർത്തു ചൊൽകൊലാ.

ശിരസ്സിലാക്കൊട്ടുമതമോതൊലാ, തവോ—
ത്തമാങ്ഗ'ളൊപ്പ്'ഇവിധ 'മല്ലി'വണ്ണമായ്
നിരർഗ്ഗളം വരാ; മനേകമാകില -
ന്തരം വചസ്സിനു വരുവില്ല സംശയം.

പ്രമാദമെന്നിയെ സുജനത്തിനുള്ളിൽ നി—
ന്നമായമാം മൊഴി നിയതം പുറപ്പെടും;
സമായനാം മനുജനിൽനിന്നു നിന്ദ്യവു—
ന്നമാനസസ്ഥിതി വെളിവാക്കുമാനനം.

മിഴിയ്ക്കുടൻ മിഴി, രദനം രദത്തിനീ
മൊഴിയ്ക്കു തക്കൊരു പല ചട്ടവട്ടമായ്
കഴിഞ്ഞു മുൻപ,രുതതു നിഷ്ഠുരാജ്ഞ, തീ
ർത്തൊഴിക്കണം, വിനയൊടെതിർത്തു നില്ക്കൊലാ

അടിച്ചു നിൻ കവിളിലൊരുത്തനെങ്കിൽ നീ—
യടിച്ചവന്നപരവുമാത്തു കാട്ടണം
മടിച്ചിടാതൊരു വസനം കൊടുക്കുവാൻ
പിടിക്കിലാനരനിരുവസ്ത്രമേകണം.

അടുത്തൊരാളവനനുയാത്ര ചെയ്യുവാൻ
തടുത്തു നിന്നൊടു പറയുന്നതെങ്കിലോ
മടുപ്പു കിഞ്ചന കലരാതവൻ കഥി—
ച്ചിടുന്നതിൽപ്പരമയനം ഗമിക്ക നീ.

ഇണക്കമായരുളണമർത്ഥികൾക്കു നീ
തുണയ്ക്കിരന്നിടുമവനെ ത്യജിക്കൊലാ
പിണക്കമുള്ളവരൊടിടർച്ച തീർത്തുകൊ—
ണ്ടണയ്ക്കണം ഗുണഗണമാർജ്ജനങ്ങളിൽ.
(ക്രയൊ -

അസഭ്യമാം മൊഴി, തൊഴിലെന്നിതെ—
ല്ലസഹ്യമായനിശമുപദ്രവിച്ചിടും
അസത്തുകൾക്കരിയ വരങ്ങളീശ്വരൻ
പ്രസന്നനായരുളിടുവാനിരക്ക നീ.

"നരർക്കു കന്മഷശുചിതയെന്നിയേ
നിരന്തരം മഴ, വെയിലെന്നിതൊക്കെയും
പരം കനിഞ്ഞരുളുമുദാരശീല നീ—
ശ്വരന്നിണങ്ങിയ സുതനായിരിക്ക നീ.

## തേമ്പാവണി.

(കെ. ജോസഫ് മുണ്ടശ്ശേരി ബി. എ.)

തേമ്പാവണി കർത്താവായ ഫാദർ ബേസ്ച്ചി അവർകൾ ഇററലിയിൽ ഭുവനവന്ദ്യനായ വെർജിൽ മഹാകവിയുടെ ജന്മഭൂവായ കസ്ടിഗ്ലിയോണിൽ ക്രിസ്ത്വബ്ദം 1680-ൽ ജാതനായി. 18-ാം വയസ്സിൽ അദ്ദേഹം ഈശോസഭയിൽ ചേർന്നു. ആദ്യത്തിൽ അദ്ദേഹം ലത്തീൻ, ഇററാലിയൻ, ഫ്രഞ്ച്, ഗ്രീക്ക മുതലായ ഭാഷകളും കാലാന്തരത്തിൽ തെലുങ്ക്, സംസ്കൃതം തുടങ്ങിയുള്ള പൌരസ്ത്യഭാഷകളും പഠിച്ചു. എന്നാൽ അദ്ദേഹത്തിന്റെ കവിതാചാതുരിക്കു സുലളിത നടനങ്ങൾ ചെയ്വാൻ സ്ഥലവും സ്വാതന്ത്ര്യവും സിദ്ധിച്ചതു തമിഴ്സാഹിത്യത്തിലാണ്. തമിഴിൽ പ്രസിദ്ധകവികൾ കമ്പരും തിരുവള്ളുവരുമാണല്ലോ. തേമ്പാവണിയുടെ പ്രണയനം വഴിയായി ഫാദർ ബെസ്ച്ചി അവർകൾ മേൽപറഞ്ഞ സ്വദേശീയകവിശ്രേഷ്ഠന്മാരെ

യും സൗകര്യം അതിശയിക്കുന്നുവെന്നാണു പല പ്രസിദ്ധപണ്ഡിതന്മാരുടേയും അഭിപ്രായം. പേരെടുത്ത ഒരു തമിഴ് ഭാഷാഭിജ്ഞനായ മിസ്റ്റർ പൂരാണലിംഗംപിള്ള തന്റെ സാഹിത്യചരിത്രഗ്രന്ഥത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:– "സിന്താമണി"യാണു തമിഴിൽ ഏററവും ഉൽകൃഷ്ടമായ കാവ്യം "തേംപാവണിയുടെ" ആവിർഭാവത്തോടുകൂടി പ്രസ്തുത ഗ്രന്ഥതല്ലജത്തിന്റെ അദ്വിതീയത്വം നഷ്ടീഭവിച്ചിരിക്കുന്നു." ഇതു മഹത്തായ ഒരഭിനന്ദനമല്ലയോ? പാശ്ചാത്യരായ സാഹിത്യമർമ്മജ്ഞരിൽ പലരും തേംപാവണിയെ നിസ്സീമം പ്രശംസിച്ചിട്ടുണ്ടു്. വെർജിൽ, ഡാൻടി, ടാസ്സോ, മിൽട്ടൺ, മുതലായ മഹാകാവ്യകർത്തൃക്കളോടൊപ്പം തന്നെ കവിത്വം ഉള്ള ഒരുവനാണു ഫാദർ ബെസിച്ചി അവർകളെന്നു അവർ ഉൽഘോഷിക്കുന്നു.

തേംപാവണിയിലെ പ്രതിപാദ്യവിഷയം വി. ഔസേപ്പിന്റെ ജീവചരിത്രമാണു്. എന്നാൽ കാവ്യത്തിന്റെ ജീവനാഡിയായി പരിശോഭിക്കുന്ന സംഗതി സജീവദൈവാത്മജനായ ക്രിസ്തുവിനാൽ നിർവ്വഹിക്കപ്പെട്ട നരവർഗ്ഗോദ്ധൃതിയാണെന്നു വിചാരിക്കണം. ചുരുക്കത്തിൽ കട്ടക്കയം മഹാകവിയുടെ ശ്രീയേശുവിജയത്തിലെ ഉത്തരാർദ്ധവും തേംപാവണിയും തമ്മിൽ വിഷയവൈശിഷ്ട്യത്തെ സംബന്ധിച്ചിടത്തോളം വലിയ വ്യത്യാസമൊന്നുമില്ല. സംഭവബാഹുല്യമായ "പഴയനിയമം" കാവ്യസീമയ്ക്കു പുറത്താകയാൽ കവിയ്ക്കു വിപുലവും വിശദവുമായ വർണ്ണനാദികൾക്കു ധാരാളം സൌകര്യമുണ്ടായിട്ടുണ്ടു്. എന്നാൽ തേംപാവണിയിൽ കേരളകവികൾ അഹർന്നിശം അഭിലഷിക്കുന്ന ശൃംഗാരപ്രസംഗത്തിനു സ്ഥലമനുവദിക്കപ്പെട്ടിട്ടില്ല. ഒരു പക്ഷേ കേരളീയ വിമർശകവീരന്മാർ തേംപാവണി ഒരു കാവ്യംതന്നെയല്ലെന്നു വാദിച്ചേക്കാം. എന്തുഫലം? "കൌശികവ്രജം പൂഛരം നടിച്ചാ"ലെങ്ങാ ചന്ദ്രികയ്ക്കു മാററു കുറയുന്നു.

തേംപാവണിയ്ക്കു പുറമേ ഫാദർ ബെസ്ച്ചി അവർകൾ വേറെ പല ഗ്രന്ഥങ്ങളും വിരചിച്ചിട്ടുണ്ടു്. വ്യാകരണം, നിഘണ്ടു മുതലായവയുടെ നിർമ്മാണത്തിൽ ഫാദർ ബെസ്ച്ചി ചെയ്തിട്ടുള്ള അശ്രാന്ത പരിശ്രമങ്ങൾ ഇന്നും തമിഴ ഭാഷാഭിമാനികൾ ആദരസമേതം അനുസ്മരിക്കുന്നവയാണു്.

തമിഴ് നാട്ടുകളിൽ തേംപാവണി കർത്താവിനു പല അപരാഭിധാനങ്ങളുമുണ്ടു്. അവയിൽ സർവ്വപ്രധാനമായതാണു് "വീരമാമുനിവർ" എന്ന നാമം. ചരിത്രപ്രഖ്യാതനായ ചന്ദാസാഹിബ്, ഫാദർ ബെസ്ച്ചിയെ, പരമശിഷ്ടനായ സന്യാസി എന്നർത്ഥമുള്ള "ഇസ്മതി സന്യാസി" എന്ന പെർഷ്യൻ നാമത്താൽ അഭിസംബോധനം ചെയ്തിരുന്നു. നാടും വീടും വിട്ടു്, വിദൂരമായൊരു ദേശത്തെത്തി തന്റെ ജീവിതകാലം മുഴുവൻ തിരുസ്സഭയുടെ അഭ്യുദയത്തിനായി വിനിയോഗിച്ചു വിജയശ്രീലാളിതനായി ഭൂരംഗത്തിൽ നിന്നു വിരമിച്ച ഫാദർ ബെസ്ച്ചിയുടെ—തമിഴ്സാഹിത്യത്തിന്റെ കണ്ഠഭൂഷണങ്ങളിൽ ഒന്നായ വീരമാമുനിമാരുടെ– ധവളയശശ്ശ്രീപൂരം ഭാരതഖണ്ഡത്തെ പരിനിർമ്മലമാക്കിച്ചെയ്യുന്നു.

---

## ബവേറിയൻ യുവതിയുടെ അഞ്ചുമുറിവുകൾ.

(ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാർ)

ബവേറിയായിൽ കോണർസ്റൂത്തു എന്ന കുഗ്രാമത്തിൽ നിവസിക്കുന്ന ഒരു യുവതിയുടെ കൈകളിലും കാലുകളിലും ചങ്കിലും ഒരു വർഷമായിട്ടു കർത്താവീശോമിശിഹായുടെ തിരുമുറിവുകൾക്കു സദൃശമായ വിധത്തിലുള്ള മുറി

വുകൾ കണ്ടുതുടങ്ങിയിരിക്കുകയാണ്. കർത്താവിന്റെ മുൾമുടി പോലെയുള്ളതും രക്തംപുരണ്ടിട്ടുള്ളതുമായ ഒരു മുൾമുടി അവളുടെ ശിരസ്സിലും കാണ്മാനുണ്ട്. ഈ ഒരുവർഷക്കാലമായിട്ട മിസ്സ് ത്രേസ്യായുടെ പ്രസ്തുത മുറിവുകൾ കാണുവാനായിട്ട അനേകം വൈദികന്മാരും വൈദ്യന്മാരും ശാസ്ത്രജ്ഞന്മാരും പത്രലേഖകന്മാരും അവിടെചെന്നുകൊണ്ടിരിക്കുന്നു. കോണർസ്രൂത്ത് എന്ന പ്രദേശത്തിന്റെ "അത്ഭുതം" എന്ന് ഇപ്പോൾ ബവേറിയായിലും ജർമ്മനിയിലും അറിയപ്പെടുന്ന മിസ്സ് ത്രേസ്യായുടെ അഞ്ചു മുറിവുകളെപ്പററിയുള്ള ശ്രുതി സുപ്രസിദ്ധമായിത്തീർന്നിരിക്കുകയാണ്.

അഞ്ചുമാസത്തിനു മുമ്പുവരെ സ്വല്പം "ചായയും" ഏതാനും പഴങ്ങളുടെ നീരും; മാത്രമേ അവൾ ഭക്ഷിച്ചിരുന്നുള്ളു. ഇപ്പോഴും ഈ ഭക്ത നിസ്സാരമായ ആഹാരമേ അനുഭവിക്കുന്നുള്ളു. യുവതിയുടെ ഇരുകരങ്ങളുടേയും പത്തിയിൽ മുറിവു കാണ്മാനുണ്ട്. ഇക്കഴിഞ്ഞ വർഷത്തിലെ ദുഃഖവെള്ളിയാഴ്ച കാണപ്പെട്ട ഈ മുറിവുകളുടെ ആകൃതിയും സമ്പ്രദായവും ഇന്നും നിലനില്ക്കുന്നു. ചില വൈദ്യന്മാർ പ്രകൃത്യാതീതമായ യാതൊന്നും പ്രസ്തുത മുറിവുകളിൽ ഇല്ലെന്നും തന്നിമിത്തം അതു ഭേദപ്പെടുത്തിക്കളയാമെന്നും ഉള്ള ധാർഷ്ട്യത്തോടെ പല ചികിത്സയും നടത്തിനോക്കി. പക്ഷെ യാതൊരു ഫലവുമുണ്ടായില്ലെന്നു മാത്രമല്ല മരുന്നുകളും കുഴമ്പുകളും പുരട്ടുംതോറും വേദന വർദ്ധിക്കയാണ് ചെയ്യുന്നതു്. ഈ മുറിവുകൾക്കു മററൊരു വിശേഷതകൂടിയുണ്ടു്. നീരാകട്ടെ ചലമാകട്ടെ ഒട്ടുംതന്നെ കാണ്മാനില്ല. ഈ വിസ്മയനീയ സംഭവം കാണുന്നതിനായിട്ട കോണർസ്രൂത്തുഗ്രാമത്തിൽ കൂടുന്ന ജനങ്ങൾക്കു യാതൊരു കൈയ്യും കണക്കുമില്ല. "അഞ്ചുകായം" ഫ്രാൻസിസ്കോസു പുണ്യവാന്റെ ചരമത്തിനുശേഷം ഇതഃപര്യന്തം ആകെ 821 വിശ്വാസികളുടെ ശരീരത്തിൽ മിശിഹാകർത്താവിന്റെ തിരുമുറിവുകളുടെ ആകൃതി ഇപ്രകാരം കാണപ്പെട്ടിട്ടുണ്ടു. ഇവരിൽ 62 പേരെ മാത്രമേ "സിദ്ധന്മാർ" എന്നു തിരുസഭ ഔദ്യോഗികമായി പേർ വിളിച്ചിട്ടുള്ളു. മററൊരു സംഗതി ഓർമ്മിക്കാനുള്ളതു കത്തോലിക്കക്രിസ്ത്യാനികളുടെ ഇടയിലല്ലാതെ മററൊരു ക്രിസ്തീയ വിഭാഗത്തിലും ഏതാദൃശമായ ഒരൊററ സംഭവംപോലും പ്രത്യക്ഷപ്പെട്ടിട്ടില്ലെന്നുള്ളതാണ്.

നമ്മുടെ കർത്താവീശോമിശിഹായുടെ ചരമദിവസമായ വെള്ളിയാഴ്ചതോറും മിസ്സ് ത്രേസ്യാമ്മയുടെ മുറിവുകൾ അഞ്ചിൽക്കൂടിയും രക്തം ഒലിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ അത്ഭുത കാഴ്ച അനേകം പ്രോട്ടസ്റ്റൻറുകാരുടെ അബദ്ധാഭിപ്രായങ്ങളെ അകററുവാൻ സഹായിക്കുന്നുണ്ടെന്നു കാണുന്നതു ചാരിതാർത്ഥ്യജനകംതന്നെ.

## ദിവ്യപൂജ കാണുന്നതിന്റെ പ്രയോജനം.

ദിവ്യപൂജ കാണുന്നതു് എല്ലായ്പോഴും ആനന്ദപ്രദമാണ്. അതു ദിവസം മുഴുവനേയും മാധുര്യമുള്ളതും ഇമ്പമുള്ളതുമാക്കിത്തീർക്കുന്നു. നാം അങ്ങുമിങ്ങും ചുററിസഞ്ചരിക്കുന്ന അവസരങ്ങളിൽ "കർത്താവിനെ ഞങ്ങൾ കണ്ടു.—അതെ ഞങ്ങളുടെ സ്വന്തനയനങ്ങളാൽ അദ്ദേഹത്തെ ഞങ്ങൾ ദർശിച്ചു, വാസ്തവത്തിൽ ഞങ്ങൾ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു, ഞങ്ങൾ അദ്ദേഹത്തിന്റെ സാമീപ്യത്തിൽ നിന്നിരുന്നു" എന്നിങ്ങനെ വിചാരിക്കുന്നതു് യഥാർത്ഥത്തിൽ ആശ്വാസപ്രദമായ ഒരു സംഗതിയല്ലയോ? ഇതരമതസ്ഥരേക്കാൾ നമ്മുടെ പദവി എത്രയോ മഹത്തായതു.

ആകയാൽ പാടുള്ളവർ യാതൊരുത്തരും നമ്മുടെ നാഥനെ "കാണുന്ന"

തിന്നു് ഒരിക്കലും മുടക്കം വരുത്തരുതു്. ഇപ്രകാരം അനുദിന ജീവിതത്തിൽ നാം ഈ സുകൃതപ്രവൃത്തിയെ തുടൎന്നു കൊണ്ടിരുന്നാൽ പുണ്യത്തിന്നു് അതു് ശക്തിമത്തായ ഒരു അഭ്യസനവും, അഭേദ്യമായ ഒരു ആത്മസംരക്ഷണവുമായിരിക്കും. ഈ സുകൃതപ്രവൃത്തി മനോവിശ്വാസവും, ആത്മസംരക്ഷണവും പ്രദാനം ചെയ്യുന്നതുകൂടാതെ ലൌകികകാൎയ്യങ്ങളിൽതന്നെ മഹൽപദവിയിലേയ്ക്കുള്ള നമ്മുടെ ഒരു പന്ഥാവാകുവാനും സംഗതിയാകുന്നതാണു്.

## "മാലാഖാമാരുടെ രാജ്ഞി."

(കാർഡിനൽ ന്യൂമാന്റെ ഒരു കൃതിയിൽ നിന്നു)

(റവ. വടക്കഞ്ചേരി.)

മഹത്തായ ഈ നാമം പരിശുദ്ധ കന്യകയുടെ മാതൃത്വത്തോടു് അതായതു്, നസ്രത്തിൽ വച്ചു് മാലാഖായുടെ "മംഗലവാൎത്ത"ക്കുശേഷം പരിശുദ്ധാത്മാവ് അവളുടെ മേൽ ഇറങ്ങിയതിനോടും, അതിനെത്തുടൎന്നു് ബേത്ലഹേമിൽ വച്ചു നടന്ന നമ്മുടെ കൎത്താവിന്റെ പിറവിയോടും, യുക്തമായി സംബന്ധിപ്പിക്കാവുന്നതാണു്. അവൾ കൎത്താവിന്റെ അമ്മയാകകൊണ്ടു് സകല മാലാഖമാരേക്കാൾ— അങ്ങേ ചുററും കൂടി പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, എന്നു സദാ കീൎത്തിക്കുന്ന സ്രാപ്പേ മാലാഖാമാരേക്കാൾ കൂടി— അങ്ങേക്കു അധികം അടുത്തുവരുന്നു.

വി. ഗബ്രിയേൽ, വി. മിഖായേൽ എന്ന രണ്ടു പ്രധാന മാലാഖാമാർ ചില പ്രത്യേക ദൌത്യങ്ങൾ നിൎവ്വഹിച്ചിട്ടുള്ളതായി സുവിശേഷത്തിൽ കാണുന്നുണ്ടു്. അവരിരുവരും മറിയത്തോടുകൂടി മനുഷ്യാവതാരചരിത്രത്തിൽ ഭാഗഭാക്കുകളായുമിരിക്കുന്നു. വി. ഗബ്രിയേൽ, അവളുടെ മേൽ പരിശുദ്ധാത്മാവ് അവരോഹണം ചെയ്തപ്പോഴും, വി. മിഖായേൽ ദിവ്യശിശു പിറന്നപ്പോഴുമത്രെ ഇതിൽ സംബന്ധിച്ചുകാണുന്നതു്. വി. ഗബ്രിയേൽ അവളെ 'നന്മനിറഞ്ഞവൾ' എന്നും 'സ്ത്രീകളിൽ ഭാഗ്യവതി' എന്നും അഭിവാദ്യം ചെയ്തു; പരിശുദ്ധാത്മാവ് അവളുടെ മേൽ ഇറങ്ങുകയും, അത്യുന്നതന്റെ പുത്രനാകുന്ന ശിശുവിനെ അവൾ ഗൎഭം ധരിക്കുകയും ചെയ്യുമെന്നു ആ വിശുദ്ധ ദൂതൻ അറിയിക്കുകയും ചെയ്തു.

ദൈവപുത്രന്റെ ജനനത്തിൽ വി. മിഖായേലിനുണ്ടായിരുന്ന ബന്ധം വി. യോഹന്നാന്റെ ഗലിയാനായിൽ നിന്നും നാം ഗ്രഹിക്കുന്നു. കൎത്താവു് മനുഷ്യരുടെ ഇടയിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിനായിട്ടാണു് വന്നതെന്നു നമുക്കറിയാമല്ലൊ. അവിടുന്നു പിറന്നപ്പോഴേ, തന്നെ നശിപ്പിക്കുന്നതിന്നാഗ്രഹിച്ച ലൌകികാധികാരികളാൽ ഞെരുക്കപ്പെട്ടു. ഹേറോദേശ് തന്നെ കൊല്ലുന്നതിനന്വേഷിച്ചു. പക്ഷേ വി. യൌസേപ്പുമാതാവിനേയും പൈതലിനേയും ഈജിപ്തിലേക്കു കൊണ്ടുപോയതിനാൽ ആ ഉദ്യമം വിഫലമായി. എന്നാൽ വിശുദ്ധ യോഹന്നാൻ ഗലിയോനായിൽ പറയുന്നതു്, അപ്പോഴും മററവസരങ്ങളിലും മാതാവിന്റെയും ശിശുവിന്റെയും യഥാൎത്ഥ കാവൽക്കാർ മിഖായേലും തന്റെ ദൂതന്മാരുമായിരുന്നുവെന്നത്രെ.

ഒന്നാമതായി വി. യോഹന്നാൻ തന്റെ ദൎശനത്തിൽ "സ്വൎഗ്ഗത്തിൽ ഒരു വലിയ അത്ഭുതം" കണ്ടു. ('സ്വൎഗ്ഗം' എന്നിവിടെ പറഞ്ഞിരിക്കുന്നതു് പള്ളിയെ, അഥവാ, ദൈവരാജ്യത്തെ കുറിച്ചാകുന്നു.) "സൂൎയ്യനെ വസ്ത്രമായി ധ

രിക്കയും, ചന്ദ്രനെ പാദപീഠമാക്കുകയും ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങളെ കൊണ്ടുള്ള കിരീടം ധരിക്കയും ചെയ്തിട്ടുള്ള ഒരു സ്ത്രീ" പ്രസവിപ്പാറായപ്പോൾ, "ചുവന്ന ഒരു വലിയ സർപ്പം" അതായത്, ദുഷ്ടാരൂപി, കുഞ്ഞുപിറന്ന ഉടനെ അതിനെ വിഴുങ്ങുന്നതിനു്, സന്നദ്ധനായി അവിടെ പ്രത്യക്ഷപ്പെട്ടു. പുത്രൻ സ്വന്ത ദൈവികശക്തിയാൽ സംരക്ഷിക്കപ്പെട്ടു; എന്നാൽ പിന്നീട് ദുഷ്ടാരൂപി അവളെ ഞെരുക്കി. എങ്കിലും വി. മിഖായേലും അയാളുടെ ദൂതന്മാരും സംരക്ഷണത്തിനു വന്നു് അവനെ പ്രതിരോധിച്ചു.

വീണ്ടും വി. യോഹന്നാൻ പറയുന്നു "അവിടെ ഒരു വലിയ യുദ്ധം നടന്നു. മിഖായേലും അയാളുടെ മാലാഖമാരും മഹാസർപ്പത്തോടു് യുദ്ധം ചെയ്തു. മഹാസർപ്പവും അവന്റെ ദൂതന്മാരൊന്നിച്ചു് പോരാടി; എന്നാൽ പിശാചെന്നു് വിളിക്കപ്പെടുന്ന പൂർവ്വഭുജംഗമായ ആ മഹാ സർപ്പം പുറത്താക്കപ്പെട്ടു." ദൈവത്തിന്റെ പരിശുദ്ധ അമ്മക്കു് ഇപ്പോഴും, അന്നത്തെപ്പോലെ, തന്നെ ശുശ്രൂഷിക്കുന്ന മാലാഖമാരുടെ വൃന്ദങ്ങൾ ഉണ്ടു്. അവൾ അവരുടെ രാജ്ഞിയുമാകുന്നു.

## അത്ഭുതത്തിന്റെ ജപമാല.

ക്രിസ്റ്റോഫർ വോൺഗ്ലുക്ക് എന്ന ദേഹം വിയന്നായിലെ സുപ്രസിദ്ധനായ ഒരു സംഗീതകാരനായിരുന്നു. നിർദ്ധനരായ മാതാപിതാക്കളുടെ സന്താനമായ ഈ കുട്ടി വിയന്നാ കത്തീഡ്രലിൽ പൂജാസഹായിയായിട്ടാണു ആദ്യം ജോലി ആരംഭിച്ചതു. ഒരിക്കൽ ദേവാലയത്തിൽവച്ചു നമ്മുടെ ബാലൻ ദൈവജനനിയെക്കുറിച്ചു അതിമനോഹരമായ ഒരു പാട്ടുപാടിയതു കേട്ടു സന്തുഷ്ടനായ ഒരു വൈദികൻ കുട്ടിക്കു ഒരു ജപമാല കൊടുത്തു. "ഈ ഭക്തിയിൽ നീ സുസ്ഥിരനായി നില്ക്കയാണെങ്കിൽ ദൈവതിരുമുമ്പാകെ നീ വലിയവനായിത്തീരുന്നതിനുപുറമേ മനുഷ്യരുടെ ഇടയിലും നീ വിഖ്യാതനാകും" എന്നു അദ്ദേഹം ഉപദേശിച്ചു. അന്നുമുതൽ ക്രിസ്റ്റോഫർ വോൺഗ്ലുക്ക് ജപമാലഭക്തിയിൽ അതിതല്പരനായിത്തീർന്നു. എത്രവലിയ ജോലികൾക്കിടയിൽപ്പോലും തന്റെ ജപമാല പ്രാർത്ഥന ഒരിക്കലും അയാൾ മുടക്കം വരുത്തിയിരുന്നില്ല. ദൈവജനനിയുടെ സഹായത്താൽ നമ്മുടെ ബാലൻ ക്രമേണ ഉയർന്നു. ഒടുവിൽ ലോകത്തിലെ പ്രഖ്യാത സംഗീതശാസ്ത്രജ്ഞന്മാരിലൊരാളായി തീരുകയും ചെയ്തു. അത്യുന്നത നിലയിൽ വീയന്നാരാജധാനിയിൽ സംഗീതസംഘാദ്ധ്യക്ഷനായി പ്രശോഭിക്കുന്നകാലത്തുപോലും, വൈദികർ കാനോൻ ജപം ചൊല്ലുന്നതിനു തത്രപ്പെട്ടുപോകുന്ന വിധത്തിൽ വോൺഗ്ലുക്ക തന്റെ ജപമാല ജപിക്കുന്നതിനായി ഏകാന്തസ്ഥലത്തേയ്ക്കു പോയിരുന്ന കാഴ്ച അത്യന്തം ഭക്തിസംവർദ്ധകമായിരുന്നു.

## തിരുഹൃദയഭക്തന്മാർ ൧൲൱൩ തുലാമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### വിശ്വാസവർദ്ധന.

വിശ്വാസം ദൈവികപുണ്യങ്ങളിൽ ഒന്നാണല്ലോ. ക്രിസ്തീയജീവിതത്തിൽ ഒഴിച്ചുകൂടാത്ത ഒരു പുണ്യമാണ് വിശ്വാസം. വിശ്വാസം കൂടാ

ളെ ദൈവത്തെ പ്രസാദിപ്പിപ്പാൻ വഹിയാ എന്നു വി. പൌലോസ് ശ്ലീഹാ അരുളിച്ചെയ്യുന്നു. ഈ വിശുദ്ധൻ തന്നെ മറെറാരിടത്തു, നീതിമാൻ വിശ്വാസത്താൽ ജീവിക്കുന്നു എന്നും അരുളിച്ചെയ്യുന്നു. പൂർവ്വപിതാവായ അബ്രാഹമിൽ പല വിശിഷ്ട ഗുണങ്ങളുണ്ടായിരുന്നതായി കാണുന്നുണ്ടു്. എന്നാൽ ഇദ്ദേഹത്തെ ദൈവത്തിൻെറ സ്നേഹഭാജനമാക്കിത്തീർത്തതു് ഇദ്ദേഹത്തിൻെറ സുസ്ഥിര വിശ്വാസമായിരുന്നു.



ക്രിസ്തുമതം സ്ഥാപിതമായ ആദ്യനൂററാണ്ടുകളിൽ ക്രിസ്ത്യാനികൾ വിശ്വാസസ്ഥിരതയുള്ളവരായിരുന്നു. കാലാന്തരത്തിൽ വിശ്വാസപ്രതിപത്തി കുറഞ്ഞുതുടങ്ങി. വിശ്വാസം ക്ഷയിക്കുന്നതിനുള്ള മുഖ്യകാരണം ലൗകികസമ്പത്തിന്മേലുള്ള അതിരുകടന്ന ആശയാണു്. ധനസമ്പാദ്യത്തിനായി രാപകൽ അദ്ധ്വാനിയ്ക്കുന്ന ആൾ ആത്മീയനന്മകളെ സാരമായി കരുതുന്നില്ല. ഇന്നു സാമ്പത്തികമായി വളരെ ഉയന്ന നിലയിൽ എത്തിയിരിക്കുന്ന ഇംഗ്ലണ്ടു, ജർമ്മനി, അമേരിക്കാ ആദിയായ രാജ്യങ്ങളിൽ ദൈവവിശ്വാസം എത്രയും ശോചനീയമായ നിലയിലെത്തിയിരിക്കുന്നു. ദൈവം ഇല്ലാ എന്നു പറഞ്ഞു തങ്ങളുടെ ദൈവമായി പണത്തെ ആരാധിക്കുന്ന എത്ര കുബേരന്മാരാണു ഇന്നു ആ രാജ്യങ്ങളിലുള്ളതു്. അവിശ്വാസം എന്ന മഹാമാരി മനുഷ്യരുടെ സന്മാർഗ്ഗജീവിതബോധത്തെ പാടെനശിപ്പിക്കുന്ന ഈ കാലത്തു സത്യവിശ്വാസത്തിൻെറ വരം ജ്ഞാനസ്നാനത്തിൽ ലഭിക്കുന്നതിനുള്ള ഭാഗ്യം കിട്ടിയവരായ നാം ആ വരത്തെ സംരക്ഷിച്ചു പുലത്തുന്നതിനു സദാ ശ്രമിക്കേണ്ടതാണ്.

ഇതിനായി വിശ്വാസകാര്യങ്ങളെ ജാഗ്രതാപൂർവ്വം പഠിച്ചറികയും വിശ്വാസവർദ്ധനം ലഭിക്കുന്നതിനായി ദൈവത്തെ പ്രാർത്ഥിക്കുകയുംവേണം. എന്നാൽ മുഖ്യമായി നമ്മുടെ ജീവിതം വിശ്വാസത്തിനനുസരിച്ചായിരിക്കുന്നതിനു സദാ പരിശ്രമിക്കണം. പ്രവൃത്തികളില്ലെങ്കിൽ വിശ്വാസം മൃതപ്രായമാണ് എന്നത്രെ വിശുദ്ധ യാക്കോബ് അരുളിച്ചെയ്യുന്നതു്. സൽകൃത്യങ്ങൾ നമ്മുടെ വിശ്വാസത്തിനു സാക്ഷിയാകുന്നതുപോലെ വിശ്വാസത്തെ പരിപോഷിപ്പിക്കുകയും ചെയ്യും. അതുകയാൽ കത്തോലിക്കാവിശ്വാസികൾ വിശ്വാസത്തിൽ പ്രതിദിനം വർദ്ധിച്ചു വരുന്നതിനു ഈശോയുടെ തിരുഹൃദയത്തോടു പ്രാർത്ഥിക്കണം.

**നവംബർമാസം:- യുവജനങ്ങളുടെ ദിവ്യകാരുണ്യഭക്തി.**

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### 1. ലൂയിസ് ഗോൺസാഗാ.

**11. ലൂയീസിൻെറ വിജയം.**

പ്രി. കുഞ്ഞുങ്ങളെ,

വത്സരങ്ങൾ രണ്ടുമൂന്നു കഴിഞ്ഞു. ഓരോ ഒഴികഴിവുകളും അവധികളും പറഞ്ഞുപോകുന്നതല്ലാതെ ഫെർഡിനാണ്ടപ്രഭു തൻെറ പുത്രനു സന്യാസത്തിൽ പ്രവേശിപ്പാനുള്ള അനുവാദം കൊടുക്കാനുള്ള ഭാവം കാണുന്നില്ല. നവംനവങ്ങളായ ഓരോ പരിശോധനകൾകൊണ്ടും പ്രതിബന്ധങ്ങൾ


കൊണ്ടും കാര്യം നീട്ടിക്കൊണ്ടുപോകണമെന്നുതന്നെ അദ്ദേഹം തീർച്ചപ്പെടുത്തി. ഇരുപത്തഞ്ചു വയസ്സു തികയാതെ ഈശോസഭയിൽ പ്രവേശിക്കുന്നതിനു അനുമതി കൊടുക്കുന്നതല്ലെന്നുതന്നെ ഒരിക്കൽ അദ്ദേഹം തീർത്തു പറഞ്ഞു. ലൂയീസാകട്ടെ തപസ്സുകളാലും പ്രായശ്ചിത്തങ്ങളാലും പ്രാർത്ഥനകളാലും തന്റെ ഉദ്ദേശസാദ്ധ്യത്തിനായി നിരന്തരം ശ്രമിച്ചുവന്നു. തപസ്സുകൊണ്ടു ഈ പാവപ്പെട്ടകുഞ്ഞിനെ കൊല്ലാനിടയാകാതെ, ഏതു സഭയിലെങ്കിലും പൊയ്ക്കൊള്ളുവാൻ അനുവദിച്ചേയ്ക്കുകയാണു് ഇതിലും നല്ലതെന്നു മാതാവായ ഡോനമാർത്താ ശുപാർശ പറകയും ഉണ്ടായി. എങ്കിലും ഫെർഡിനാണ്ടു പ്രഭു ഒന്നുകൊണ്ടും ഇളകിയില്ല. കടശി ഒരുദിവസം നാലഞ്ചുമണിക്കൂർ നേരത്തെ പ്രാർത്ഥനയുടെ ശേഷം ദൈവതോന്നിപ്പാലെന്നപോലെ ലൂയീസു അപ്പന്റെ മുറിയിലേക്കു ചെന്നു. രക്തവാതത്താലദ്ദേഹം അസ്വസ്ഥനായി കട്ടിലിൽ കിടക്കയായിരുന്നു. പൊടുന്നനവെ ലൂയീസു പ്രത്യക്ഷനായി അദ്ദേഹത്തോടു ഈ പ്രകാരം പറഞ്ഞു "എന്റെ പിതാവേ! ഞാൻ എന്നെ മുഴുവൻ അവിടുത്തെ കൈകളിൽ ഏല്പിക്കുന്നു. അവിടുന്നു മനസ്സാകുന്നതുപോലെ ചെയ്യുക. പക്ഷെ ദൈവം എന്നെ ഈശോസഭയിലേക്കു വിളിച്ചിരിക്കുന്നു എന്നുള്ളതു തീർച്ചയാണു്. ഈ സംഗതിയിൽ പ്രതികൂലിക്കുന്നപക്ഷം ദൈവതിരുമനസ്സിനോടുതന്നെയായിരിക്കും അവിടുന്നു പ്രതികൂലിക്കുന്നതു്." ഇത്രയും പറഞ്ഞുകഴിഞ്ഞിട്ടു മറുപടിക്കുപോലും കാത്തുനില്ക്കാതെ, ലൂയീസു അവിടെനിന്നും പോകയും ചെയ്തു. ഫെർഡിനാണ്ടു പ്രഭുവിന്റെ ഹൃദയത്തിൽ ഈ വാക്കുകൾ നല്ലപോലെ തട്ടി. തന്റെ വാത്സല്യപുത്രനെ വിട്ടുപിരിയേണ്ടിവരുന്നതിലുള്ള മനോവ്യഥ ഒരു ഭാഗത്തും ദൈവതിരുമനസ്സിനോടു മറുതലിച്ചാൽ വന്നുകൂടുന്ന അനുഭവം വേറൊരു ഭാഗത്തും പ്രത്യക്ഷപ്പെട്ടു. പ്രഭു വല്ലാതെ കുഴങ്ങി. ഒടുവിൽ അദ്ദേഹത്തിന്റെ ദൈവഭീതി പ്രബലപ്പെട്ടു. ലൂയീസിനെ വീണ്ടും തന്റെ പക്കലേക്കു വിളിപ്പിച്ചു. കണ്ണുനീരോടുകൂടെ അദ്ദേഹം പറഞ്ഞു:- "പ്രിയ മകനേ! നീ എന്റെ ഹൃദയത്തെ മുറിപ്പെടുത്തിയിരിക്കുന്നു. എന്റെ സകല പ്രത്യാശയും ഈ കുടുംബത്തിന്റെ ഭാവിയും നിന്നിലാണു ഞാൻ നിക്ഷേപിച്ചിരുന്നതു്. എന്നാൽ ദൈവം നിന്നെ മറ്റുവഴിക്കു വിളിക്കുന്നതായി നീ പറയുന്നതുകൊണ്ടു് ഇനി നിന്നെ ഞാൻ തടയുന്നില്ല. നിനക്കു ഇഷ്ടമുള്ളടത്തേയ്ക്കു പൊയ്ക്കൊള്ളുക. നിന്നെ ഞാൻ ആശീർവദിക്കുന്നു." ഇത്രയും പറഞ്ഞുകഴിഞ്ഞിട്ടു ധാരമുറിയാതെ കരയുവാനല്ലാതെ ആ ധീരപുരുഷനു യാതൊന്നും കഴിഞ്ഞില്ല. ലൂയീസാകട്ടെ തന്റെ പിതാവിനു നന്ദിപൂർവ്വം ഉപകാരസ്മരണ ചെയ്തശേഷം സ്വന്തമുറിയിൽ ചെന്നു മുട്ടിന്മേൽനിന്നു കൃതജ്ഞതാപരവശനായി ദൈവത്തിനു ദീർഘനേരത്തേയ്ക്കു സ്തോത്രം ചെയ്തു

## II ഈ മാസത്തെ മദ്ധ്യസ്ഥ- വി. കൊച്ചുത്രേസ്യാ.

(തിരുനാൾ ഒക്ടോബർ 3-ാംനു- തിങ്കളാഴ്ച.)

ഈ മാസത്തിലാണു് വി. കൊച്ചുത്രേസ്യായുടെ തിരുനാളെന്നറിയുമ്പോൾ, ആരാണു നമ്മുടെ ഇത്തവണത്തെ മദ്ധ്യസ്ഥയെന്നുള്ളതു പറഞ്ഞേകഴിയൂ എന്നില്ലല്ലോ. ഒരു അമ്പതു കൊല്ലം മുമ്പു ഫ്രാൻസിലെ ഒരു കത്തോലിക്കകുടുംബത്തിൽ നിങ്ങളെപ്പോലെ ഓടിച്ചാടി നടന്നിരുന്ന ഒരു ചെറിയ പെൺകുട്ടി ഇന്നു ലോകത്തിന്റെ അത്ഭുതവിഷയമായിത്തീർന്നിരിക്കുന്നു. പുണ്യവതിയായി സർവ്വത്ര വണങ്ങപ്പെടുന്നു. എന്താണു് ഇതിന്റെ രഹസ്യം? വി. കൊച്ചുത്രേസ്യാ കർമ്മലനാഥയുടെ സാക്ഷാലുള്ള ഒരു കുഞ്ഞുമകളായിട്ടു ജീവിച്ചു. അതുതന്നെ. ആകയാൽ നിങ്ങളും വാസ്തവത്തിൽ ഈ അമ്മയുടെ കുഞ്ഞുമക്കളായിട്ടു ജീവിക്കയും പാപം ചെയ്യുന്നതിനെക്കാൾ മരിക്കുന്നതിനു തയാറായിരിക്കയും ചെയ്താൽ ഈ വിധ ഭാഗ്യങ്ങൾ നിങ്ങൾക്കും ലഭി

പ്പാൻ പാടില്ലാത്തതല്ല. അതിനായി നമ്മുടെ വിശുദ്ധ മദ്ധ്യസ്ഥയോടു ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാർത്ഥിക്കുക.



എറണാകുളം അതിരൂപത, മററൂർ– കെ.സി.സി.എ. ബാലികാബാല സംഘങ്ങൾ

## 111. കെ. സി. സി. എ. ഡയറി.

കൊച്ചച്ചൻ കുറേദിവസമായി തീരെ സുഖമില്ലാതിരിക്കയാണ്. അതിനാൽ കുഞ്ഞുമക്കളുടെ കൂടുതൽ പ്രാർത്ഥനകൾ ആവശ്യമായിരിക്കുന്നു. വാർഷികപുസ്തകത്തിൻെറ ജോലിക്ക് സുഖക്കേട് ഒരു പ്രതിബന്ധമായിത്തീർന്നു. ബ്ളോക്കുകളെല്ലാം തീർന്നു വന്നിരിക്കുകയാണ്. ഏതായാലും ഇനിയധികം താമസിയാതെ പുറത്താക്കാമെന്നു കരുതുന്നു.

ഈ മാസത്തെ ആകെ വരവു 35 രൂ 3 ചക്രമാണ്. അതിൽ നിന്നു പൊതുഫണ്ടിലേയ്ക്കെടുത്തിട്ടുള്ള 3രൂ. ഉൾപ്പെടെ ബാങ്കിൽ ഇപ്പോൾ 57 രൂപായാണുള്ളത്.

* * *

വി. കൊച്ചുത്രേസ്യായുടെ തിരുനാൾ കുഞ്ഞുമക്കളെല്ലാവരും പ്രത്യേകവിധമായി കൊണ്ടാടുമല്ലോ.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## പുതിയ പ്രസിദ്ധീകരണങ്ങൾ.

I. ചെറുപുഷ്പത്തിൻെറ ശൈശവസ്മരണകൾ.

വില 1 അണ.

കെ. വി. ജോസഫ് ഹെഡ്മാസ്റ്റർ, വി. എം. ഗേൾസ് സ്കൂൾ, വരാപ്പുഴ.

ശ്രീമതി മേരി ജോൺ തോട്ടം ചെറുപുഷ്പത്തിനു തുടർച്ചയായി എഴുതിയിരുന്ന ഒരു ഗാഥാകൃതി വരാപ്പുഴ കോൺവെൻറു സ്കൂൾകാർ പുസ്തകരൂപേണ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് ഈ ചെറുകൃതി. ലോകവന്ദ്യയായ വി. കൊച്ചുത്രേസ്യാ തൻെറ സ്വയംകൃതജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടു

ള്ള ശൈശവസ്മരണകളേ നമ്മുടെ കവിയിത്രി തനിക്കു സഹജസിദ്ധമായ കവിതാചാതുരിയോടും ഭക്തിമാധുയ്യത്തോടും ഇതിൽ വൎണ്ണിച്ചിട്ടുണ്ടു്. ശ്രീമതി തോട്ടത്തിൻെറ ഈദൃശമായ പല കൃതിതല്ലജങ്ങൾ കാണ്മാൻ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

2 കത്തോലിക്കാപൌരോഹിത്യം.

വില 6 അണ.

കെ. മാത്യു മംഗലം, കലവൂർ.

ഇതര രാജ്യങ്ങളെ അപേക്ഷിച്ചു കേരളത്തിൽ വൈദികാന്തസ്സിലേക്കുള്ള വിളിപ്പു കൂടുതലാണെന്നുള്ളതു നമുക്കു സൎവ്വഥാ അഭിമാനജനകമാണു. എങ്കിലും പൌരോഹിത്യത്തിൻെറ മാഹാത്മ്യത്തേയും ചുമതലകളേയും പററി കൂടുതലായ ജ്ഞാനം നമ്മുടെ യുവാക്കന്മാൎക്കു നൽകേണ്ടതു അത്യന്താപേക്ഷിതമായിരിക്കുന്നു. പ്രസിദ്ധനായ ഒരു അമേരിക്കൻ ഗ്രന്ഥകാരൻെറ കൃതിയേ ഭാഷാന്തരം ചെയ്തു മി. മാത്യു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ പുസ്തകം പ്രസ്തുത ആവശ്യത്തിനു സവിശേഷം ഉപകരിക്കുമെന്നുള്ളതിനു സംശയമില്ല.

---

# വൎത്തമാനസംഗ്രഹം.

## കേരളം.

കർമ്മലീത്താസഭ വകയായി അയിരൂർ ആരംഭിച്ചിട്ടുള്ള നവീനമിഷ്യനിൽ ഇപ്പോൾ ആകെ എഴുപതോളം ആളുകൾ സത്യസഭയിൽ പ്രവേശിച്ചിട്ടുള്ളതായിക്കാണുന്നു.

ഒരു യാക്കോബായകേന്ദ്രമായ ചിങ്ങവനത്തു കത്തോലിക്കൎക്കു ഒരു ദേവാലയം പണിയിക്കുന്നതിനു കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലേക്കു ഗവൎമ്മെൻറനുമതി ലഭിച്ചിരിക്കുന്നു.

ഓമല്ലൂർ എന്ന സ്ഥലത്തു യാക്കോബായസഭയിൽനിന്നു കത്തോലിക്കാസഭയിലേക്കു പ്രവേശിച്ചിട്ടുള്ളവരുടെ ആവശ്യത്തിലേക്കു കൊല്ലം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പണികഴിപ്പിച്ചിട്ടുള്ള മനോഹര ദേവാലയത്തിൻെറ ആശീൎവ്വാദകൎമ്മം ഈ മാസത്തിൽ നടത്തുന്നതാണെന്നറിയുന്നു.

കൊട്ടാരക്കര സ്വദേശിയായ തെക്കേടത്തു റവ. ഫാദർ സക്കറിയാസ് എന്ന യാക്കോബായവൈദികൻ കത്തോലിക്കസഭയിൽ ചേൎന്നിരിക്കുന്നു. ഇദ്ദേഹം മദ്രാസ്, കൽക്കട്ട, മുതലായ വിദേശങ്ങളിൽ യാക്കോബായസഭയിലെ വൈദികവൃത്തി നടത്തിയിരുന്ന പ്രധാന്യമുള്ള ഒരു വൈദികനാണ്.

വരാപ്പുഴ അതിരൂപതയിലെ ആക്ടിങ്ങ് വികാരി ജനറാളായി നിയമിച്ചിരുന്ന വെറി. റവ. ഫാദർ ക്രൎസ് അവർകളേ ആ സ്ഥാനത്തിൽ ഉറപ്പിച്ചിരിക്കുന്നു. സ്ഥിരം വികാരിജനറാളായിരുന്ന ഫാദർ ബൊനവഞ്ചർ അവർകളേ മിഷ്യൻ പ്രദേശങ്ങളിലേക്കു പുത്തൻക്രിസ്ത്യാനികളുടെ കാൎയ്യങ്ങൾ നോക്കുന്നതിനുള്ള വികാരിജനറാളായി നിയമിക്കയാണ് ചെയ്തതു്.

## ഭാരതം.

സിലോണിലെത്തിയിരിക്കുന്ന ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സിലേക്കു ഒരു മാസത്തോളം അവിടെ താമസമുണ്ടാകുമെന്നറിയുന്നു.

ഇൻഡ്യയിൽ ഇപ്പോഴുള്ള ഇരുപത്തെട്ടരലക്ഷം കത്തോലിക്കരുടെ ആത്മീകാവശ്യങ്ങൾ നിൎവ്വഹിക്കുന്നതിലേക്കു 3183 വൈദികരുള്ളതായി കാണുന്നു. മൊത്തത്തിൽ 856 ആളുകൾക്കു ഒരു വൈദികൻ വീതമുണ്ടു്.

മതത്തേയും, മതസ്ഥാപകന്മാരേയുംപററി അധിക്ഷേപകരമായ പ്രസ്താവനകൾ ചെയ്യുന്നവരെ ശിക്ഷിക്കുന്നതിലേക്കു തക്കതായ ഒരു ബിൽ സാമ്രാജ്യ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നു.

## സിദ്ധൌഷധക്കുറിപ്പുകൾ.

(തെക്കുംകൂറ്റ മൂസ്സത്)

എരിക്കിലയും ഇന്തുപ്പുംകൂടി കടത്തിലിട്ട് ശീലമൺ ചെയ്ത് തീകത്തിച്ചു ഭസ്മമാക്കുക. ഈ ഭസ്മം ഗുന്മശൂലഹരമാണ്.

പുളിമരത്തൊലിയും മേൽപ്രകാരം ചെയ്യുക.

*   *   *

കാട്ടുതുളസിയിലനീർ ഗുന്മവേദനക്കു നന്ന്.

## മനോഗുണ വിവരങ്ങൾ.

ഇനി ക്രമമായി ഈ വിധവിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു കൃപാ മുന്പേറെച്ചു അപേക്ഷിക്കണം.

വി. അന്തോനീസു പുണ്യവാന്റെയും കുഴിക്കാലശ്ശേരിൽ മാർ തോമ്മാ മെത്രാന്റെയും സഹായത്താൽ എന്റെ രോഗം മാറിയതിനു

കെ. സി. ജെ. അന്തിനാട്ട്.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ അപേക്ഷിച്ച കാര്യം സാധിച്ചതിനു

ഈ. ജെ. ഏ. മാള.

പഴവിൽ വി. അന്തോനീസു പുണ്യവാന്റെ സഹായത്താൽ സ്കൂൾഫൈനൽ പരീക്ഷ പാസ്സായതിനു ടി. ജെ. സി. ഒല്ലൂർ.

വി. കൊച്ചുത്രേസ്യായുടേയും വി. ദേവസ്യാനോസിന്റെയും സഹായത്താൽ എന്റെ പനി പൂർണ്ണമായി സുഖപ്പെട്ടതിന്ന്

ഏബ്രാഹം പുത്തൻപുര വാഴക്കുളം.

പരിശുദ്ധ ദൈവമാതാവിന്റെ അനുഗ്രഹത്താൽ എസ്സ്. എസ്സ്. എൽ. സി. പരീക്ഷ പാസ്സായതിനു ജെ. എം. തൊടുപുഴ.

പരേതനായ കുഴിക്കാലശ്ശേരിമാർ തോമ്മാമെത്രാനച്ചന്റെ പ്രത്യേകമാദ്ധ്യസ്ഥതയാൽ അപകടകരമായ രോഗത്തിൽ നിന്നു സുഖംപ്രാപിച്ചതിനു ഏ. സി. സിലി ചാവറ. കുട്ടമംഗലം.

കോട്ടയത്തെ ഉണ്ണിഈശോയുടേയും മനോഗുണ മാതാവിന്റെയും സഹായത്താൽ എന്റെ മകൻ ഒരു പരീക്ഷ പാസ്സായതിനു

എസ്സ്. പീററർ. പൊന്മന.

വി. ഔസേപ്പുപിതാവിന്റെ മദ്ധ്യസ്ഥതയാൽ വിചാരിച്ച കാര്യം സാധിച്ചതിനു

ഏ. പി. എഫ്. ശാസ്താംകോട്ട.

വി. കൊച്ചുത്രേസ്യായുടേയും കുഴിക്കാലശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചന്റെയും മദ്ധ്യസ്ഥത്താൽ ഉദ്ദേശിച്ച കാര്യം സാധിച്ചതിനു ബി. മാർട്ടിൻ. കേഡം എഫ്. എം. എസ്സ്.

ഭരണങ്ങാനം മഠത്തിന്റെ കപ്പേളയിൽ വി. കുർബാനയുടെ സന്നിധിയിൽ മൂന്നു ദിവസം കെടാവിളക്കു കത്തിച്ചതിന്റെയും വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ മാദ്ധ്യസ്ഥ നവനാൾ കഴിച്ചതിന്റെയും ഫലമായി രോഗം സുഖപ്പെട്ടതിനു. എക്സ് ഭരണങ്ങാനം

വി. കൊച്ചുത്രേസ്യായുടേയും കുഴിക്കാലശ്ശേരിൽ മാർ തോമ്മാമെത്രാനച്ചന്റെയും സഹായത്താൽ എന്റെ കാളയുടെ അപകടകരമായ ദീനം ഭേദമായതിനു പി. ററി. എം.

ഇത്തിത്താനം.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

മണിയംകുന്നു ഇടവക കുന്നേത്തോട്ടത്തിൽ ചാക്കോമറിയം സെപ്തം: 6—ാംനു—

മൂക്കന്നൂർ ഇടവക കുളങ്ങര പൌലോവക്കി സെപ്തം: 9—ാംനു—വയസ്സ് 72.

കൊല്ലം തട്ടവീട്ടിൽ ക്ലമ്മി സെപ്ററംബർ 9—ാം തീയതി 24 വയസ്സ്.

പുതിയകാവ് ഇടവക ചേന്നോത്തു ചാക്കോ പ്രഞ്ചു സെപ്ററംബർ 16—ാം തീയതി 30 വയസ്സ്.

പാലാ ഇടവക കുന്നപ്പള്ളിൽ വറുഗീസു വക്കി അഗസ്റ്റ് 20—ാംനു—17 വയസ്സ്

അരീക്കര ഇടവക ചിറപ്പുറത്തു കാവഞ്ചേരിൽ ഉതുപ്പു വക്കി അഗസ്റ്റ് 26—ാം തീയതി 33 വയസ്സ്.

തൃശ്ശൂർ കർമ്മലീത്താമഠത്തിലെ സഹോദരി ക. നി. മൂ. സ. ബ. മരിയ സ്കോളാസ്റ്റിക്കാ കർക്കടകം 23—ാം തീയതി 33 വയസ്സു.

ആനിക്കാട്ടു ഇടവക മുള്ളൻമാക്കൽ വാണ്ടി ചാക്കോ 75 വയസ്സ്.

എപ്പകത്തി ൨൬.
൩൧൨൪ ൧൨൯൪

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ബ

## ൧൯൨൭ ഒക്ടോബർ – ൧൧൦൩ കന്നി–തുലാം.

ഈ മാസത്തിൽ ജപമണിജപം ദേവാലയത്തിൽവച്ചു കൂട്ടമായിട്ടോ, തക്ക കാരണത്താൽ തനിച്ചോ, സുഖഹീനർവീട്ടിൽവച്ചോ, എത്തിക്കുന്നവരോ പ്രാവശ്യം ൧൦. ൧൦ ദ.വി. ൧൦ ദിവസമെങ്കിലും ജപിച്ചു നിശ്ചയിക്കപ്പെട്ട മറ്റുള്ളവയും ചെയ്താൽ പൂ. ദ. വി. (൧൧൦–ാം ലെ. മാ.)

1 15 ശ അ. മാ. റെമീജി ന. ആ. ക. വെ. വെ
2 16 ഞാ ✠ പന്തക്കു ൧൮–ാം ന. ക. ആ. ൯ ൨൭ ൨ പ
കൊന്തമാതാ. തി. പാവർട്ടി മാന്നാനം, ആശ്രമദേവാലയം.
3 17 തി ❊ മാ. ഫ്രാൻസീസ്സ്വോസു ജ്ഞൺ ന. ആ. ക. വെ. വെ
പാവർട്ടി വി. കൊച്ചുത്രേസ്യാ.
4 18 ചൊ മാ. ഫ്രാൻസീസ്സ്വാസു ന. ആ. ക. വെ. വെ
5 19 ബു വേ. പ്ലാച്ചിദോസും കൂട്ട. ന. ആ. ക. വെ. ചു
6 20 വ്യാ ❊ മാ. ബ്രൂണോ ന. ആ ക. വെ. വെ
7 21 വെ പ. മാ. മർക്കോസു ന. ആ. ക. വെ. വെ
8 22 ശ വിധ. ബ്രിജീത്താ ന. ആ. ക. വെ. വെ
9 23 ഞാ ✠ പന്തക്കു ൧൯–ാം ന ക. ആ. ൧ ൩൫ ൨ പ
10 24 തി ❊ മാ. ഫ്രാൻസി. ബോർജിയാ. ന. ആ. ക. വെ. വെ
11 25 ചൊ ❊ അ. വേ. ചൊനിഫ്രാസീസു ജ്ഞൺ ദ ന. ആ. ക. വെ. പ
12 26 ബു ❊ അ മാ. സർവത്തോസു ജ്ഞൺ ന ന ആ. ക. വെ. വെ
13 27 വ്യാ ❊ മാ. എദ്വാർദോസു ന. ആ. ക. വെ. വെ
14 28 വെ പാ. വേ. കലീസ്റ്റോസു ന. ആ. ക. വെ.
15 29 ശ ക. ത്രേസ്യാ ന. ആ. ക. വെ. (കമ്മ. സ. പൂ. ദ. വി.) വെ
ചങ്ങനാശേരി, കാവാലം.
16 30 ഞാ ✠ പന്തക്കു ൨൦–ാം ന. ക. ആ. ൨ ൦ ൩ പ
പാലയൂർ റപ്പായേൽ മാലാ.
17 31 തി ❊ ക. മറിയം അലക്കോക്കു ന. ആ. ക. വെ. വെ
18 1 ചൊ ലൂക്കാ ഏവൻജേ. ന. ആ. ക. വെ. ചു
19 2 ബു ❊ മാ. പത്രോസു അല്ക്കാന്ത്ര ന ആ. ക. വെ. വെ
20 3 വ്യാ ❊ മാ. യോഹന്നാൻ കാന്തീസു ന. ആ. ക. വെ. വെ
21 4 വെ ആബാ ഹില്ലാരിയോസ് ന. ആ. ക. വെ. വെ
22 5 ശ അമ്പഴക്കാട്ടു ആശ്രമദേവാലയത്തിൽ വി. ത്രേസ്യാ തിരു.
❊ വിധ്വ. ശാലോംമറിയം ന. ആ. ക. വെ. വെ
23 6 ഞാ ✠ പന്തക്കു ൨൧–ാം ന. ക. ആ. ൯ ൧ ൨ പ
അട്ടത്ത വ്യാഴം ഇ. വി.
24 7 തി ❊ റപ്പായേൽ മാലാ. ന. ആ. ക. വെ. വെ
ഒല്ലൂർ റപ്പായേൽ മാലാ.
25 8 ചൊ വേ. ക്രൊസന്തോസും കൂട്ട. ന. ആ. ക. വെ. ചു
26 9 ബു പാ. വേ. ഏവരിസ്തോസു ന. ആ. ക. വെ. ചു
27 10 വ്യാ ശ്ലീ. ശിമയോനും കൂട്ട. തലേ. ന. ആ. ക തലേ. ഇ. വി. റോ
28 11 വെ (✠) ശ്ലീ. ശിമയോനും യൂദായും ന. ക. വെ. ചു
29 12 ശ വേ. പ്രീമോസും കൂട്ട. ജ്ഞൺ ൻ ന. ആ. ക. വെ. ചു
30 13 ഞാ ✠ പന്തക്കു ൨൨–ാം ന. ക. ആ. ൨൭൨൩൨൦൯൫൩൩ പ
നാളെ ഇ. വി. ൧–ാംനു– ആദ്യവെള്ളി.
31 14 തി സകല ശുദ്ധ. തലേ. ന. ആ. ക. തലേ ഇ. വി. റോ

Printed and Published for the Proprietor by P. K. Joseph, at the St. Joseph's Press Mannanam, 15. 9. 1927.